

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: **lfadtvm@yahoo.in**
ഫോൺ : **0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ ബി പി -1/1097/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 16/10/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപസ)
2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ
3) ഓഫീസ് കോപ്പി

നമ്പർ: കെ എസ് എ ബി പി -1/1097/2023 തീയ്യതി: 16/10/2023

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീജ.കെ	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) ജോയിന്റ് ഡയറക്ടർ ഇൻ ചാർജ്	19-06-2023	26-06-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
19-06-2023	26-06-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ലിഷ. കെ. വി . ഓഡിറ്റ് ഓഫീസർ.
ജോസ്. ഡബ്ള്യു .അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
സുരേഷ് ബാബു. ബി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
രഞ്ജിത്ത്.സി. ഓഡിറ്റർ.

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി വി. അമ്പിളി	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ. സുരേഷ്കുമാർ. കെ.എസ്.	സെക്രട്ടറി	01-04-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി രശ്മി. ആർ.	അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2022	31-03-2023
ഡോ. ജോമി ജേക്കബ്	അസി. ഡയറക്ടർ ഓഫ് അഗ്രി കൾച്ചർ	01-04-2022	31-12-2022
ശ്രീമതി സൗമ്യ. പി. കെ.	അസി. ഡയറക്ടർ ഓഫ് അഗ്രി കൾച്ചർ	01-01-2023	31-03-2023
ശ്രീമതി ജെഷിത. ഇ.	ശിശു വികസന ഓഫീസർ, നെടുമങ്ങാട് (അഡീഷണൽ കരകുളം)	01-04-2022	31-05-2022
ശ്രീമതി ഉഷ സ്റ്റീഫൻ	ശിശു വികസന ഓഫീസർ, കരകുളം	01-06-2022	31-03-2023
ശ്രീ. അനൂപ് ഷിനു. കെ.	വ്യവസായ വികസന ഓഫീസർ, നെടുമങ്ങാട്	01-04-2022	04-08-2022
ശ്രീമതി അഞ്ജന. സി. എസ്.	വ്യവസായ വികസന ഓഫീസർ, നെടുമങ്ങാട്	04-08-2022	31-03-2023
ശ്രീമതി ശ്രീകല. എസ്.	പട്ടികജാതി വികസന ഓഫീസർ, നെടുമങ്ങാട്	01-03-2022	31-03-2023
ഡോ. ജയചന്ദ്രൻ. ജി.	സൂപ്രണ്ട്, താലൂക്ക് ഹോമിയോ ആശുപത്രി	01-04-2022	30-09-2022
ഡോ. ആശ. എസ്.	സൂപ്രണ്ട്, താലൂക്ക് ഹോമിയോ ആശുപത്രി	01-10-2022	20-10-2022
ഡോ. ജയചന്ദ്രൻ. ജി.	സൂപ്രണ്ട്, താലൂക്ക് ഹോമിയോ ആശുപത്രി	21-10-2022	03-11-2022
ഡോ. ആശ. എസ്.	സൂപ്രണ്ട്, താലൂക്ക് ഹോമിയോ ആശുപത്രി	04-11-2022	23-11-2022
ഡോ. ജയചന്ദ്രൻ. ജി.	സൂപ്രണ്ട്, താലൂക്ക് ഹോമിയോ ആശുപത്രി	24-11-2022	24-12-2022
ഡോ. അനിൽ. കെ.	സൂപ്രണ്ട്, താലൂക്ക് ഹോമിയോ ആശുപത്രി	25-12-2022	15-01-2023
ഡോ. അമ്പിളി. എം.കെ.	സൂപ്രണ്ട്, താലൂക്ക് ഹോമിയോ ആശുപത്രി	16-01-2023	31-03-2023
ശ്രീ. ശിബികുമാർ. ബ്. എസ്.	ജനറൽ എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	08-07-2022
ശ്രീ. പ്രകാശ്. കെ. എൽ.	ജനറൽ എക്സ്റ്റൻഷൻ ഓഫീസർ	09-07-2022	30-09-2022
ശ്രീമതി നീരജ. ആർ. കെ.	ജനറൽ എക്സ്റ്റൻഷൻ ഓഫീസർ	01-10-2022	31-03-2023

ശ്രീമതി ജെഷിത. ഇ.	ശിശു വികസന ഓഫീസർ, നെടുമങ്ങാട്	01-04-2022	31-03-2023
ശ്രീ. ബിജു.വി. ഒ	ഡയറി എക്സ്ടെൻഷൻ ഓഫീസർ	01-04-2022	31-03-2023
ശ്രീമതി ശ്രീകല. എസ്.	പട്ടികജാതി വികസന ഓഫീസർ, നെടുമങ്ങാട്	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
3	തൻവർഷത്തെ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തിയിട്ടില്ല	1-1-2
4	ബാങ്ക് റീ കൺസിലിയേഷൻ പത്രിക , ബാങ്ക് ബുക്ക് എന്നിവ ലഭ്യമാക്കിയില്ല	1-1-3
5	വാർഷിക ധനകാര്യ പത്രിക- മറ്റ് അപാകങ്ങൾ	1-1-4
6	ബജറ്റ് അപാകങ്ങൾ	1-2-1
7	ബജറ്റ്	1-2
8	സാമ്പത്തിക വിശകലനം	1-3
9	ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ	1-4-1
10	ഗ്രാന്റ് വിനിയോഗം	1-4
11	പദ്ധതി അവലോകനം	1-5
12	ക്യാഷ് പരിശോധന	1-6
13	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ	1-7
14	ആഭ്യന്തര നിയന്ത്രണം.	1-8
15	രസീതു ബുക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട അപാകങ്ങൾ	1-9
16	വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ	1-10
17	പദ്ധതികൾ കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കുന്നില്ല.	1-11
18	പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതത്തിന്റെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ അവ്യക്തം	1-12
19	മരുന്നുകൾ യഥാ സമയം ലഭ്യമാകാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.	1-13
20	രേഖകൾ പ്രകാരം ഒരേ ഇനത്തിന് രണ്ട് സാമ്പത്തിക വർഷങ്ങളിൽ തുക ചെലവഴിച്ചതായി കാണിച്ചിരിക്കുന്നു.	1-14
21	തൊഴിൽ പരിശീലനത്തിനായി കൈമാറിയ 115000 രൂപയുടെ വിനിയോഗം സംബന്ധിച്ച പൂർണ്ണമായ രേഖകൾ ലഭ്യമാക്കിയില്ല	1-15
22	കമ്പ്യൂട്ടറുകൾ സ്റ്റോക്കിലെടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.	1-16
23	സർവ്വീസ് ചാർജ്ജായി ഈടാക്കിയ തുകയ്ക്ക് അനുസ്യൂതമായുള്ള ജി.എസ്.ടി ബിൽ ലഭ്യമാക്കിയില്ല	1-17
24	കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - വിനിയോഗ വിവരവും അനുബന്ധ രേഖകളും ലഭ്യമല്ല-3746300 രൂപയുടെചെലവ് തടസ്സപ്പെടുത്തുന്നു.	1-18
25	അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിന്റെ അഭാവത്തിൽ ഇ- ഓട്ടോകൾ കൈമാറിയിട്ടില്ല-	1-19
26	റോഡ് പ്രവൃത്തികൾ-കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.	1-20
27	റോഡ് കോൺക്രീറ്റിംഗ് & ടാറിംഗ് പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.	1-21
28	കിള്ളിയാർ മിഷൻ തുടർ പ്രവർത്തനങ്ങൾ-പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചില്ല.	1-22
29	അധിക (പുതുക്കിയ) ജി.എസ്.റ്റി. കോമ്പൻസേഷൻ അനുവദിച്ചത്- പൂർണമായ രേഖകൾ ലഭ്യമാക്കിയില്ല.	1-23
30	പൊതുമരാമത്ത് പ്രവൃത്തി-എസ്.സി.പി. ഫണ്ട് വകയിരുത്തി ഏറ്റെടുത്ത	1-24

	പ്രവൃത്തികൾ പൂർത്തീകരിക്കാൻ കാലതാമസം	
31	ഓടകളുടെ സൈഡ് വാൾ നിർമ്മാണം- ഉയർന്ന സ്പെസിഫിക്കേഷൻ ഉപയോഗിച്ച് വശങ്ങളിലെ കോൺക്രീറ്റ് നിർമ്മിച്ചു. നഷ്ടം- 2273/- രൂപ- തുക തടസ്സപ്പെടുത്തുന്നു.	1-25
32	പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി പദ്ധതി- നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല	1-26
33	മൊബൈൽ ചാണക സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ-പദ്ധതി പൂർത്തീകരിച്ചില്ല.	1-27
34	വനിതാ സൗഹൃദ ബ്ലോക്ക് ,സ്ത്രീ പദവി പഠനം - തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്	1-28
35	ജൈവഗ്രാമം ലാഭവിഹിതം - രേഖകൾ ലഭ്യമാക്കിയില്ല	1-29
36	കേര സമൃദ്ധി തെങ്ങിൽ തൈ നഴ്സറി തുടർ പ്രവർത്തനങ്ങൾ - വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ രൂ.300000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.	1-30
37	പൊതുസ്ഥാപനങ്ങളിൽ ഫലവൃക്ഷതൈകളും ഔഷധതൈകളും ഔഷധതൈകളും വച്ച് പിടിപ്പിക്കൽ - തൈകൾ ലഭ്യമാക്കിയിട്ടില്ല, രൂ.200000/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.	1-31
38	സമഗ്ര ശുചിത്വം - വാഹനങ്ങൾ ലഭ്യമായിട്ടില്ല-507900 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-32
39	കരകുളം കലാഗ്രാമം - കോസ്റ്റ് ഫോർഡിനു കൈമാറിയ തുകയുടെ ചെലവു രേഖകൾ/ വർക്ക് ബിൽ , എം ബുക്ക് എന്നിവ ലഭ്യമല്ല- 200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-33
40	സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതികൾ-വിനിയോഗ വിവരം ലഭ്യമല്ല	1-34
41	ലൈഫ് ഭവന പദ്ധതി - വിനിയോഗ വിവരം പൂർണ്ണമായും ലഭ്യമാക്കിയില്ല	1-35
42	പി എം എ വൈ ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു.	1-36
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്.	4-3
4	വായ്പ- വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്ജ് സർ ചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29-5-23 ലെ 5(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29-5-23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-3-23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം. Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു. Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു വിശേഷണങ്ങളോടു കൂടിയ അഭിപ്രായം
അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1) 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62 (2)(എ) പ്രകാരം വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കണമെന്നും അതിൽ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്നുമുണ്ട്. ചട്ടം 62(2)(ബി) പ്രകാരം അക്കൗണ്ടിംഗ് മാനുവലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാന അനുപാതങ്ങൾ തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ, വാർഷിക ധനകാര്യപത്രികയോടൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 തൻവർഷത്തെ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-14 Stock In Hand (Inventories) ഷെഡ്യൂളിൽ ഉൾപ്പെട്ട തുക 2020-21, 2021-22 വർഷങ്ങളിലെ B-14ൽ ഉൾപ്പെട്ട തുക തന്നെയാണ്. 2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. ബി-14 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകയുടെ വിശദാംശം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

1-1-3 ബാങ്ക് റീ കൺസിലിയേഷൻ പത്രിക , ബാങ്ക് ബുക്ക് എന്നിവ ലഭ്യമാക്കിയില്ല

1.ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂളിൽ ട്രഷറി LGTSB ACC ലെ നീക്കിയിരുപ്പ് (-177344) രൂപ ആയി

രേഖപ്പെടുത്തിയതായി കാണുന്നു. ആയത് എന്തുകാരണത്താലാണെന്നതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ടി അക്കൌണ്ടിന്റെ 2023 മാർച്ചിലെ ബാങ്ക് ബുക്ക്,റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവയും ലഭ്യമാക്കിയില്ല. ട്രഷറി സ്റ്റേറ്റ് മെന്റ് പ്രകാരം 31 – 3- 23 – ന് 8183361രൂപ റിഡംപ്ഷനുണ്ട്.

2.KGB-2259 അക്കൌണ്ടിന്റെ (മിസ്സല്ലേനിയസ്) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരുപ്പ് 751492.75 രൂപയും വാർഷിക കണക്കു പ്രകാരം നീക്കിയിരുപ്പ് 751497 രൂപയും ആണ് .വ്യത്യാസത്തിന് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ടി അക്കൌണ്ടിന്റെ ബാങ്ക് ബുക്ക് , റീ കൺസിലിയേഷൻ സ്റ്റേറ്റ് മെന്റ് എന്നിവ യും ലഭ്യമാക്കിയില്ല .

1-1-4 വാർഷിക ധനകാര്യ പത്രിക- മറ്റ് അപാകങ്ങൾ

1. വാർഷിക ധന കാര്യ പത്രിക RP-43 പ്രകാരം Rent Receivables From Building (-431400102-Arrears) എന്ന ഇനത്തിന് 5664 രൂപ വരവുണ്ട്. എന്നാൽ 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂളിൽ പ്രസ്തുത ഇനത്തിന് കുടിശ്ശിക ഡിമാന്റ് ഉള്ളതായി രേഖപ്പെടുത്തലില്ല. വാടക രജിസ്റ്ററിൽ ഡി സി ബി തയ്യാറാക്കിയിട്ടില്ല.

2. B-9 പ്രകാരം ഉള്ള VAT- 113/-, 6653, Revenue Recovery- 25918/-, CGST- 4445/-, SGST- 4445/-, Refunds Payable-48000/- എന്നീ ഇനങ്ങളിൽ (ജി എസ് ടി ഇനത്തിലുള്ള തുകയൊഴിച്ച് ബാക്കിയുള്ളവ) അതാതുവകുപ്പുകളിൽ അടവാക്കാനവശേഷിക്കുന്ന തുക 2020-21 , 2021-22 ലെ വാർഷികധനകാര്യപത്രികകളുടെ B-9 ഷെഡ്യൂൾ പ്രകാരം ഉള്ള അതേ തുകകൾ തന്നെയാണ്. പ്രസ്തുത തുകകൾ ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

3. ബി 9 ഷഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിലെ 78107-രൂപ നീക്കിയിരിപ്പുണ്ട്.ആയത് വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കിയില്ല.

4. 2022-23 സാമ്പത്തിക വർഷത്തെ AFS പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച തുക നീക്കിയിരിപ്പായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

	മുന്നിരിപ്പ്	വരവ്	ആകെ	സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ്	വാർഷിക കണക്കു പ്രകാരം ചെലവ്	നീക്കിയിരിപ്പ്	22-23 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്
ഗ്രാമ പഞ്ചായത്ത് വിഹിതം (റവന്യൂ)	961558	340000	1301558	Nil	Nil	1301558	810728
ജില്ലാപഞ്ചായത്ത് വിഹിതം(റവന്യൂ)	7986243	350000	8336243	Nil	350000	7986243	3857238
ഗ്രാമപഞ്ചായത്ത് വിഹിതം	232916	Nil	232916	Nil	Nil	232916	232916
മുനിസിപ്പൽ കോർപ്പറേഷൻ വിഹിതം	5000000	Nil	5000000	Nil	Nil	5000000	5000000
ജില്ലാപഞ്ചായത്ത് വിഹിതം(സ്പെസിഫിക്)	500000	Nil	500000	500000	Nil	500000	500000

B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിൽ നീക്കിയിരിപ്പ് തുക 10400882/- രൂപയാണ്. എന്നാൽ ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ അക്കൗണ്ടിലെ പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക 31-3-21 ൽ 315000/- രൂപയാണ്. പ്രസ്തുത തുകയായ 315000 രൂപ 31-3-23 ന് റിഡംപ്ഷൻ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

പൊരുത്തക്കേടിന് വിശദീകരണം ലഭ്യമാക്കേണ്ടതും കൂടാതെ മേൽ തുകകൾ ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ (ഓരോ വിഹിതത്തിനും ചെലവ് വന്നിട്ടുള്ള പ്രോജക്ട് നം, അടങ്കൽ, ചെലവ് എന്നിവ പ്രത്യേകമായി) ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

5 . ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം 8730 രൂപ (431400115) Receivables Towards Usufructs Of Trees - Currentഎന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2019-20, 20-21, 21-22, വർഷങ്ങളിലെല്ലാം ടി തുക ലഭിക്കാനുള്ളതായി രേഖപ്പെടുത്തലുള്ളതാണ് . ടി തുക ഈടാക്കാനുള്ള നടപടി യുടെ വിവരം

ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കെലും മറുപടി ലഭ്യമാക്കിയില്ല.

6.RP – ഷെഡ്യൂൾ 7 പ്രകാരം 160100899 എന്ന ശീർഷകത്തിലെ വരവായ(Other Awards And Honours) 50000 രൂപ യുടെ ചെലവ് RP-41 ൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും RP-41 പ്രകാരം 420800101 എന്ന ശീർഷകത്തിൽ ഉൾപ്പെട്ട തുകകളുടെ വിശദാംശവും ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻകയറി പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല..

7. ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ നടപ്പാക്കിയ പ്രോജക്റ്റ് നം 87/23 നായി 15000 രൂപയും പ്രോജക്റ്റ് നം 63/23 നായി 18000 രൂപയും അടക്കം ആകെ 33000 രൂപ ഗുണഭോക്ത്യ വിഹിതമായി പിരിച്ചെടുത്തിട്ടുണ്ട്. സുലേഖ പ്രകാരം ടി പദ്ധതിയിൽ ചെലവില്ല. RP-31 പ്രകാരം ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിൽ 24000 രൂപ വരവും 9000 രൂപ ചെലവും ഉണ്ട് . ആയത് ഏത് പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ച ഗുണഭോക്ത്യ വിഹിതമാണെന്ന് അറിയിക്കാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 33000 രൂപ വരവു തുക പൂർണ്ണമായും ആർ പി 31 ൽ വരവുവെക്കാത്തതിലും പ്രസ്തുത ഹെഡ്ഡിൽ ചെലവില്ലാത്തതിനാൽ ടി തുക B-4ൽ ബാലൻസായി വാർഷിക കണക്കിൽ ഉൾപ്പെടുത്താത്തതിനും വിശദീകരണം ലഭ്യമാക്കിയില്ല.

8. വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B11(A) ഷെഡ്യൂളിൽ (Capital Work In Progress) ഇനത്തിൽ 226919 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ആധികാരികത പരിശോധിക്കുന്നതിനുള്ള എ എക്സ് ഇ യുടെ റിപ്പോർട്ട് ലഭ്യമാക്കിയില്ല.

9. RP-9 ൽ ഉൾപ്പെട്ട ബാങ്ക് പലിശയുടെ ലഡ്ജർ ലഭ്യമാക്കിയില്ല

10. വാർഷിക ധനകാര്യ പത്രിക B18ഷെഡ്യൂളിലെ അഡ്വാൻസ് തുകകളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം/ ശീർഷകം	ഇനം	മുന്നിരിപ്പ്	തൻവർഷം പഞ്ചായത്ത് ചെലവഴിച്ച തുക	തൻവർഷം വരവായി ലഭിച്ച തുക	നീക്കിയിരിപ്പ്
1. 460100103	Temporary Advance For Official Purpose	983723	303504	490874	796353
2. 460100105	Tour Travelling Allowance	56994	Nil	Nil	56994
3. 460509901	Advance To Others	38335	839650	68956	809029
4. 460500501	Advance To Implimenting Officers	Nil	532000	50000	482000

ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ വാർഷിക കണക്കു പ്രകാരമുള്ള മേൽ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. രജിസ്റ്ററിൽ വർഷാന്ത്യ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

11. Advance To Implementing Agencies-Deposit With KWA ലെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.ബി - 18 പ്രകാരമുള്ള ക്രമീകരിക്കാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുകകളിൽ എത്ര തുകക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമായി എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടല്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വർഷാന്ത്യ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

ക്രമ നം/ ശീർഷകം	ഇനം	മുന്നിരിപ്പ്	തൻവർഷം പഞ്ചായത്ത് ചെലവഴിച്ച തുക	തൻവർഷം വരവായി ലഭിച്ച തുക/ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചത്	നീക്കിയിരിപ്പ്(B-18 പ്രകാരം)
1. 460500201	Advance To Implimenting Agencies	19381728	3746300	Nil	8405029

12. കാപിറ്റൽ കോൺട്രിബ്യൂഷൻ ആയി രേഖപ്പെടുത്തിയ തുകയിൽ വ്യത്യാസമുള്ളതായി കാണുന്നു. (71953640 (മുൻവർഷ B-3 തുക)+ 1023022 (തൻ വർഷ RP-38 തുക)= 72976662 രൂപ വരുന്നുണ്ട്. തൻ വർഷ B-3 പ്രകാരം തുക 63070640 രൂപയാണ് . വ്യത്യാസത്തിന് കാരണം വ്യക്തമാക്കിയിട്ടില്ല.

13.MGNREGS അക്കൗണ്ടിന്റെ (ബാങ്ക് ഓഫ് ഇന്ത്യയിൽ നെടുമങ്ങാട് ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ട് (A/C നം 853410110001333) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 01.04.22ൽ 3738.56 /- രൂപ മുന്നിരിപ്പും,31.03.22ൽ 242616.56 /-രൂപ നീക്കിയിരിപ്പുമുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ AFS ന്റെ RP 40(a), RP40(b), B17 എന്നിവയിൽ ഉൾപ്പെടുത്തിട്ടില്ല. ആയതിനുള്ള കാരണം ലഭ്യമാക്കേണ്ടതാണ്.

14. 2022-23 സാമ്പത്തിക വർഷത്തെ വിവിധ ഡെപ്പോസിറ്റുകളുടെ (B-7പ്രകാരമുള്ളത്) വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ്,ചെലവ് ,നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ചെലവ്	നീക്കിയിരിപ്പ്

Contractors EMD	57200	NIL	4500	52700
Suppliers EMD	8000	NIL	NIL	8000
Bidders Security Deposit	2850	NIL	NIL	2850
Contractors Retention	213507	76570	190817	99260
Other Deposit	51641	63000	NIL	114641
Auction Deposit				

ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല. മേൽ ഡെപ്പോസിറ്റ് തുകകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത പരിശോധിക്കാൻ ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.ടി തുകകളിൽ 3 വർഷത്തിനു മുകളിലുള്ളവ ഉണ്ടെങ്കിൽ ആയത് കാലാഹരണപ്പെട്ടതായി കണക്കാക്കി മുതൽ കൂട്ടുന്നതിന് സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

15. വാർഷിക ധനകാര്യപത്രികപ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല

ഫണ്ട്	AFS പ്രകാരമുള്ള ചെലവ് തുക	എ.സി.ആർ പ്രകാരമുള്ള തുക
വികസന ഫണ്ട് (ജനറൽ)	27503480	30113819
വികസന ഫണ്ട് (എസ് സി പി)	10859500	11716399
വികസന ഫണ്ട് (ടി എസ് പി)	173334	195000
മെയിന്റനൻസ് ഫണ്ട് (റോഡിതരം)	5414168	5431630

16.രസീതി പരിശോധനയിൽ താഴെ പറയുന്ന തുകകൾ ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ചിട്ടുണ്ട്.

രസീതി നം	തുക
1219/92/9-11-22	9690
1219/93/9-11-22	2971
1219/96/17-11-22	7779

മേൽ തുകകൾ വാർഷിക കണക്കിൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല . ടി തുക ഏത് വരവ് ശീർഷകത്തിലാണ് ഉൾപ്പെടുത്തിയതെന്നതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ അപാകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം 24/23-6-23, 27/24-6-23 എന്നിവക്ക് മറുപടി ലഭ്യമാക്കിയില്ല.

1-2-1 ബജറ്റ് അപാകങ്ങൾ

1. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് , വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന ചട്ടങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ബജറ്റ് ഫയൽ ഉൾപ്പെടെ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻകയറി നം 7/21-6-23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ആയതിനാൽ തന്നെ നടപടി ക്രമങ്ങൾ പാലിച്ചാണോ ബജറ്റ് പാസാക്കിയതെന്ന് ഉറപ്പു വരുത്താനായിട്ടില്ല.

2. പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.മാത്രമല്ല214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2022-23 ബജറ്റ്,പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിക്കുകയും ബജറ്റിൽ വകയിരുത്തിയ ഇനങ്ങളിൽ ചെലവുചെയ്യാതെയും കാണുന്നു.വിശദ വിവരം ചുവടെ ചേർക്കുന്നു.

.I) ബജറ്റിൽ തുക വകയിരുത്താത്ത ഇനങ്ങളിൽ തുക ചെലവഴിച്ചതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ	ഹെഡ് ഓഫ്	ഇനം	എ.എഫ്.എസ്.പ്രകാരമുള്ള

നം.	അക്കൌണ്ട്		തുക
1.	2501027	Agriculture And Related Sectors - Valueaddition Of Produce	1255000
2.	2502001	Soil And Water Conservation	286416
3.	2511011	Continuing Education And Non Formal Education	14900
4.	2512007	Other Programmes In Health Sector	112537

Ii. താഴെ പറയുന്ന ഇനങ്ങളിൽ ബജറ്റ് ഹെഡ്ഡിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവു ചെയ്തിട്ടുണ്ട്.

ക്രമ നം	ഇനം	ഹെഡ് ഓഫ് അക്കൌണ്ട്.	ബജറ്റ് പ്രകാരമുള്ള തുക	റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക	എ.എഫ്.എസ്. പ്രകാരമുള്ള തുക
1.	Industrial Training Programmes	2503009	0	2,00,000	3,50,000/-
2.	Service Enterprises	2503015	0	0	2199876/-
3.	Other Social Security Programme	2513012	0	100000	719798/-

Iii. ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ ചെലവ് ചെയ്തിട്ടില്ല. ഉദാഹരണം

ക്രമ നം.	ഹെഡ് ഓഫ് അക്കൌണ്ട്	ഇനം	ബജറ്റ് പ്രകാരമുള്ള തുക	റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക	എ.എഫ്.എസ്.പ്രകാരമുള്ള തുക
1.	25010115	Literacy Equivalence Examination	157500	14900	-
2.	2523001	Public Building	6494327	200000	-

ഇതുമായി ബന്ധപ്പട്ട് നൽകിയ ഓഡിറ്റ് എൻകയറി നം.14/22.6.2023 ന് മറുപടി ലഭ്യമാക്കിയില്ല. നിയമം അനുശാസിക്കും വിധം സമയ പരിധിയോടെ ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതും തുടർ വർഷങ്ങളിൽ പ്രസ്തുത അപാകങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 25-3-22 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 23-3-23 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 130154077/- രൂപ

വരവും 127749978 -രൂപ ചെലവും നീക്കിയിരിപ്പ് 2404099 /- രൂപയുമാണ് (പുതുക്കിയ ബജറ്റ് പ്രകാരം).

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	11655603/- രൂപ
ഓഡിറ്റ് വർഷത്തെ വരവ്	86431074/- രൂപ
ആകെ	98086677/- രൂപ
ഓഡിറ്റ് വർഷത്തെ ചെലവ്	92483364/- രൂപ
നീക്കിയിരിപ്പ്	5603313/- രൂപ

1-4-1 ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ

1.ലഭ്യമാക്കിയ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല

ഫണ്ട്	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക	എ.സി.ആർ പ്രകാരമുള്ള തുക
വികസന ഫണ്ട് (ജനറൽ)	27503480	30113819
വികസന ഫണ്ട് (എസ് സി പി)	10859500	11716399
വികസന ഫണ്ട് (ടി എസ് പി)	173334	195000
മെയിന്റനൻസ് ഫണ്ട് (റോഡിതരം)	5414168	5431630

ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള കേന്ദ്രവിഷ്കൃത ഫണ്ടിന്റെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. അടങ്കലായി 50000000 രൂപ വച്ചിട്ടുണ്ട്.
സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനായിട്ടില്ല.
2. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

ജി.ഒ(പി) 07/17/ധന തീയതി 23.01.17 നമ്പർ ഉത്തരവ് പ്രകാരം പ്രോജക്ട് നിർവ്വഹണം നടത്താത്ത പക്ഷം, പ്രസ്തുത പദ്ധതി സ്പിൽഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം, ജോയിന്റ് ആക്കൗണ്ട് മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണ്. എന്നാൽ, സംയുക്ത പ്രോജക്ടുകളുടെ തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.(B -4 Schedule)

ക്രമ നം	Code Number	Particulars	Amount
1	320700203	Contributions For Joint Venture Projects (For Revenue Expenditure) – From Village Panchayats	810728
2	320700205	Contributions For Joint Venture Projects (For Revenue Expenditure) –From District Panchayats	3857238
3	320700208	Contributions For Joint Venture Projects (For Centrally Sponsored Scheme) –From Village Panchayats	232916
4	320700402	Contributions For Joint Venture Projects (For Revenue Expenditure) –From Municipal Corporations	5000000
5	320700405	Contributions For Joint Venture Projects (For Revenue Expenditure) –From District Panchayats	500000

ക്രമ നം 3,4,5 എന്നീ ഇനങ്ങളിൽ 2020-21 ,21-22 , 22-23 വർഷങ്ങളിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നത് ഒരേ തുകയാണ്

എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ ഒരേ തുകകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു-

ക്രമ	ഹെഡ് ഓഫ്	ഇനം	നീക്കിയിരിപ്പ്

നം.	അക്കൗണ്ട്		തുക
1	320100115	Centrally Sponsored Scheme-Total Sanitation Campagin (TSC)	66926/-
2	320300199	Grants,Funds &Contributions For Specific Purposes -Other Government Agencies	175093/-
4	320900201	Best Panchayat Award From State Government-State Level	2,500,000/-
5	320900399	Other Awards And Honours	100,000/-
6	320900299	Other Awards From State Government	500,000/-

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് ജനറൽ	0	30969000	30969000	27503480	3465520
വികസനഫണ്ട് എസ്.സി.പി	0	12217000	12217000	10859500	1357500
വികസനഫണ്ട് (ടി.എസ്.പി)	0	195000	195000	173334	21666
മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)	0	8623000	8623000	5414168	3208832
ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied)	0	7490000	7490000	7489800	200
ധനകാര്യകമ്മീഷൻ ഗ്രാന്റ് (Basic Grant)	0	4993000	4993000	4599018	393982

1-5 പദ്ധതി അവലോകനം

നിർവഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രവൃത്തികൾ,പൂർത്തീകരിച്ച പ്രവൃത്തികൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥർ	അംഗീകാരം ലഭിച്ച പദ്ധതികൾ	നടപ്പാക്കിയ പദ്ധതികൾ	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
സെക്രട്ടറി	38	35	66302001	24325676	92.10
മെഡിക്കൽ ഓഫീസർ ഹോമിയോ	9	8	2182800	2129315	88.88
എസ്.സി.ഡി.ഒ	1	1	5130490	5130490	100
എ.ഡി.എ.	4	4	12455000	710750	100
ഡി.ഇ.ഒ.	2	2	4700000	2755000	100
അസി.എക്സി.എഞ്ചിനീയർ	28	23	26808387	16578283	82.14
ഐ.ഇ.ഒ	6	6	2110000	1652568	100
സി.ഡി.പി.ഒ	10	10	4783500	4644037	100
ജി.ഇ.ഒ.	2	2	672000	656440	100
ആകെ.	100	91	125144178	55582559	91

1-6 ക്യാഷ് പരിശോധന

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന 023.06.2023 തീയ്യതിയിൽ പകൽ 03:30 മണിക്ക് സ്ഥാപന തലവന്റെ

സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ പണം നീക്കിയിരിപ്പില്ലായെന്ന് ബോധ്യപ്പെട്ടു.

1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	22/09/2022 മുതൽ 27/09/2022 വരെ	2021-22	ലഭിച്ചിട്ടില്ല.
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	22/06/2020 മുതൽ 03/07/2020 വരെ	2015-16 മുതൽ 2019-20 വരെ	16/09/2020

1-8 ആഭ്യന്തര നിയന്ത്രണം.

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിലൂടെ താഴെ പറയുന്ന വിഷയങ്ങളിലെ അപാകം പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

1. രസീത് പരിപാലനം കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്. രസീതുകളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കേണ്ടതും വരവു ലഭിക്കുന്ന ഏതൊരു തുകക്കും രസീത് നൽകേണ്ടതും ആണ്.
2. വാടക പിരിവിലെ അപാകം പരിഹരിക്കേണ്ടതും വാടക തുകയിൽ വാർഷിക വർദ്ധനവ് വരുത്തി തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതും രജിസ്റ്ററുകളിൽ ഡി സി ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആണ്.
3. ഗുണഭോക്തൃ വിഹിതത്തിന്റെ വരവ്, ചെലവ് , നീക്കിയിരിപ്പ് എന്നിവയിലെ അപാകം പരിഹരിക്കേണ്ടതാണ്.
4. മരുന്നുകൾ ലഭ്യമാവുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്.
5. ഗുണഭോക്തൃ ലിസ്റ്റിന്റെ അഭാവത്തിൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്.
6. കിളളിയാർ മിഷന്റെ തുടർ പ്രവർത്തനങ്ങൾ കാല വിളംബം കൂടാതെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-9 രസീതു ബുക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട അപാകങ്ങൾ

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം ഉപയോഗിച്ചിരുന്ന രസീതു ബുക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I)

1. കേരള ട്രഷറി കോഡ് വോള്യം I ആർട്ടിക്കിൾ 90 (ബി) യിലെ കുറിപ്പ് 2 ലെ നിർദ്ദേശത്തിന് വിരുദ്ധമായി ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുമ്പോൾ കൈപ്പറ്റുന്ന തുകയ്ക്ക് അനുസ്യൂതമായ രസീത് ഗുണഭോക്താവിന് നൽകുന്നില്ല. വിശദ വിവരം ഖ. 1- 13 ൽ ചേർത്തിരിക്കുന്നു.
2. രസീത് ബുക്കുകളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചല്ല രേഖപ്പെടുത്തൽ നടത്തിയിരിക്കുന്നത്. ഇത് ട്രഷറി കോഡ് വോള്യം 1 ആർട്ടിക്കിൾ 90 (എ) ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.
3. കേരള ട്രഷറി കോഡ് വോള്യം I ആർട്ടിക്കിൾ 90 (ബി) യിലെ കുറിപ്പ് 2 ലെ നിർദ്ദേശ പ്രകാരം രസീതു ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4. ക്യാൻസൽഡ് റസീപ്റ്റുകൾ ക്യാൻസൽ ചെയ്യാനുള്ള കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 29 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II)

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം ഉപയോഗിച്ചിരുന്ന രസീതു ബുക്കുകൾ ഡേ ബുക്കുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം ഫ്രണ്ട് ഓഫീസിൽ ഉപയോഗിച്ചിട്ടുള്ള 1220 ാം നമ്പർ രസീത് ബുക്കിലെ 59 മുതൽ 77 വരെയുള്ള രസീതുകൾ ഡേ ബുക്കിൽ എൻട്രി രേഖപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്യാഷ്ബുക്കിലും ടി തുകയുമായി ബന്ധപ്പെട്ട രേഖപ്പെടുത്തൽ ഇല്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം.31 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	രസീത് നം.	തീയതി	തുക
1	59	15-03-2023	661

2	60	15-03-2023	661
3	61	20-3-2023	2950
4	62	22-3-2023	1000
5	63	22-3-2023	1000
6	64	23-3-2023	15000
7	65	25-3-2023	1044
8	66	25-3-2023	1044
9	67	27-03-2023	9000
10	68	29-3-2023	3500
11	69	29-3-2023	3500
12	70	29-3-2023	3500
13	71	29-3-2023	3500
14	72	29-3-2023	125
15	73	29-3-2023	125
16	74	29-3-2023	125
17	75	29-3-2023	125
18	76	29-3-2023	125
19	77	30-3-2023	35002

പ്രസ്തുത തുക ബാങ്കിൽ ഒടുക്ക് വരുത്തിയിട്ടുണ്ടെങ്കിലും ഡേ ബുക്കിൽ പ്രസ്തുത തുക സംബന്ധമായ വിവരം അതത് ദിവസം ലഭ്യമല്ലാത്തതിന് വ്യക്തതയില്ല. ടി വിഷയത്തിന്മേൽ കൃത്യമായ മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

III)

അവൾക്കൊപ്പം ജീവനി- വനിത ഫിറ്റ്നെസ് സെന്റർ, ബാഡ്മിന്റൻ കോർട്ട്- അരുവിക്കര എന്നിവിടങ്ങളിൽ അംഗങ്ങളിൽ നിന്നും തുക കൈപ്പറ്റുമ്പോൾ നൽകുന്ന രസീതുകളുടെ കൗണ്ടർ ഫോയിൽ, കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നം 28/24-06-2023 വഴി ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-10 വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിലെ വാടക രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. മുണ്ടേല ഷോപ്പിംഗ് കോംപ്ലക്സ്, അതിഥി സ്പോർട്ട്സ് ആൻഡ് ആർട്ട്സ് ക്ലബ്, ബയോ കൺട്രോൾ ലാബ്, ബാഡ്മിന്റൻ കോർട്ട്, അവൾക്കൊപ്പം ജീവനി- വനിത ഫിറ്റ്നെസ് സെന്റർ എന്നിവിടങ്ങളിൽ നിന്നുമാണ് പ്രധാനമായും വാടകയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് വരുമാനം ലഭിക്കുന്നത്. ബന്ധപ്പെട്ട രജിസ്റ്ററിൽ 2022-23 സാമ്പത്തിക വർഷത്തെ കളക്ഷൻ തുക രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രസീത് നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ ആധികാരികത ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല.

2. 2021-22 സാമ്പത്തിക വർഷം 1475 രൂപയാണ് പ്രതിമാസ വാടകയായി മുണ്ടേല ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും ഈടാക്കിയിരിക്കുന്നത്. ഇതേ തുക തന്നെയാണ് 2022-23 സാമ്പത്തിക വർഷവും ഈടാക്കിയിരിക്കുന്നത്. വാടക തുകയിൽ വാർഷിക വർദ്ധനവ് വരുത്തി തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ മുതൽക്കൂട്ടാത്തതിന് വിശദീകരണം ഓഡിറ്റ് എൻകയറി നം. 28 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

3. വാടക ഒടുക്കുന്നവരുമായി ഏർപ്പെട്ടിട്ടുള്ള വാടക കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നം. 28 വഴി ആവശ്യപ്പെട്ടെങ്കിലും വാടക കരാർ ലഭ്യമാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല

4. സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിൽ അല്ല രജിസ്റ്ററിൽ വിവരങ്ങൾ ചേർത്തിട്ടുള്ളത്. പല സാമ്പത്തിക വർഷങ്ങളിലും ലഭിക്കേണ്ടിയിരിക്കുന്ന തുക ആയത് ലഭിക്കുന്നതിന്റെ ക്രമത്തിൽ ഒരുമിച്ചാണ് രേഖപ്പെടുത്തുന്നത് . തനത് സാമ്പത്തിക വർഷത്തെ ഡിമാന്റ്- കളക്ഷൻ – ബാലൻസ് എന്നിവ സംബന്ധിച്ചുള്ള കൃത്യമായ വിവരം മനസ്സിലാക്കുന്നതിന് ഇത് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. DCB സ്റ്റേറ്റ്മെന്റ് പ്രത്യേകം സൂക്ഷിച്ചിട്ടുമില്ല. ഓരോ സാമ്പത്തിക വർഷത്തെയും ഡിമാന്റിന്റെ അടിസ്ഥാനത്തിൽ രജിസ്റ്ററിലെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നം. 28 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല

മേൽപ്പറഞ്ഞ അപാകങ്ങൾക്ക് കൃത്യമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കെട്ടിടങ്ങൾ വാടക നൽകി ഉപയോഗിക്കുന്നവരുമായി ഏർപ്പെട്ടിട്ടുള്ള വാടക കരാർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-11 പദ്ധതികൾ കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കുന്നില്ല.

സ.ഉ. (കൈ) നം. 84/2022/LSGDനമ്പരായി 19-04-2022 ൽ പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 14 (1) പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകളിൽ ഒന്നിലും മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടില്ല. പദ്ധതികളുടെ ഭൗതിക നേട്ടം സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തതയില്ല. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാ സമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിയ്ക്കും നൽകേണ്ടതാണെന്ന പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 22/23-6-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ടിന്റെ അഭാവത്തിൽ പദ്ധതികൾ കാര്യക്ഷമമായി നിർവ്വഹിച്ചിട്ടുണ്ടെന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരം പദ്ധതി നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ മോണിറ്ററിംഗ് സമിതി വിലയിരുത്തുകയും ആയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാ സമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിയ്ക്കും നൽകേണ്ടതുമാണ്.

1-12 പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതത്തിന്റെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ അവ്യക്തം

2022-23 സാമ്പത്തിക വർഷത്തിൽ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച വിവിധ പദ്ധതികൾ വഴി ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുണ്ടെങ്കിലും ആയത് പിരിച്ചെടുക്കുന്നതിലും ചെലവഴിക്കുന്നതിലും കൃത്യമായ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.രസീത് നൽകാതെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നു

കേരള ഫിനാൻഷ്യൽ കോഡ്, വോള്യം 1 , ആർട്ടിക്കിൾ 7 (1) പ്രകാരം സർക്കാരിന് ഏതെങ്കിലും തുക ലഭിച്ചു കഴിഞ്ഞാൽ ലഭിച്ച തുകയ്ക്ക് രസീത് നൽകേണ്ടതാണ്. എല്ലാ സംഗതികളിലും പണം ഒടുക്കുന്ന ആൾക്ക് നിശ്ചിത മാതൃകയിലുള്ള രസീത് നൽകേണ്ടതാണെന്ന് കേരള ട്രഷറി കോഡ് വോള്യം I ആർട്ടിക്കിൾ 90 (ബി) യിലെ കുറിപ്പ് 2 ൽ നിർദ്ദേശിക്കുന്നുമുണ്ട്. എന്നാൽ വിവിധ പദ്ധതികൾ വഴി ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നുണ്ടെങ്കിലും ഗുണഭോക്താവിന് കൈപ്പറ്റിയ തുകയ്ക്ക് അനുസൃതമായ രസീത് നൽകുന്നില്ല. ഓരോ പദ്ധതിയ്ക്കായും ഈടാക്കിയ ഗുണഭോക്തൃവിഹിതം മൊത്തമായി ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയതായി കാണിച്ചുള്ള രസീതുകൾ മാത്രമാണ് ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച കൃത്യമായ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. രസീത് നൽകി മാത്രം ഗുണഭോക്തൃ വിഹിതം പിരിയ്ക്കുകയും പിരിച്ചെടുത്ത തുക തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2. ഗുണഭോക്തൃ വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വിവരങ്ങളിൽ അവ്യക്തത

ചുവടെ ചേർക്കുന്ന പദ്ധതികൾ പ്രകാരം ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുണ്ടെങ്കിലും 2022-23 സാമ്പത്തിക വർഷത്തെ സുലേഖ ചെലവ് പത്രികയിൽ ടി തുകയുടെ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ സ്ഥാപനത്തിന്റെ ചെക്ക് ഇഷ്യൂ രജിസ്റ്റർ പരിശോധിച്ചതിൽ ഗുണഭോക്തൃവിഹിതമായി പിരിച്ചെടുത്ത തുക പൂർണ്ണമായി പിൻവലിച്ചിട്ടുള്ളതായി കാണുന്നു. തുകയുടെ വിനിയോഗം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 32 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.	പ്രോ നം.	പ്രോജക്ടിന്റെ പേര്	അടങ്കൽ		ചെലവ്	പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം	ചെക്ക് ഇഷ്യൂ രജിസ്റ്ററിലെ തുക പിൻവലിച്ചത് സംബന്ധിച്ച വിശദാംശം
1	87	ബ്ലോക്ക് തല ലേബർ ബാങ്ക് രൂപീകരണം	വികസന ഫണ്ട്- പൊതു വിഭാഗം - സാധാരണ	350000	350000	15000 (30x500) Rt No. 1220/64 Dt. 23/03/2023	17-4-2023 ൽ ചെക്ക് നം. 9040243 വഴി 15000 രൂപ പിൻവലിച്ചു

			വിഹിതം				
			മറ്റുള്ളവ	15000	0		
			ആകെ	**365000**	**350000**		
2	63	അഗ്രി ബിസിനസ് ഇൻകുബേഷൻ സെന്റർ മുഖേനയുള്ള പരിശീലനം	വികസന ഫണ്ട്- പൊതു വിഭാഗം - സാധാരണ വിഹിതം	200000	199876	18000 (36x500) 9000- Rt. No 1220/43 Dt. 6-2-2023, 9000- Rt.No. 1220/67 Dt. 27-03-2023	I) 23-3-2023 ൽ ചെക്ക് നം. 9040220 വഴി 9000 രൂപ പിൻവലിച്ചു Ii)31-3-2023 ൽ ചെക്ക് നം. 9040231 വഴി 9000 രൂപ പിൻവലിച്ചു
			മറ്റുള്ളവ	20000	0		
			ആകെ	**220000**	**199876**		

പ്രോ. നം. 63 ന്റെ ഫയലിൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെടെയുള്ള തുകയുടെ ചെലവ് വൗച്ചറുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സുലേഖ ചെലവ് പത്രികയിൽ പ്രസ്തുത തുകയുടെ ചെലവ് സംബന്ധിച്ച് രേഖപ്പെടുത്തൽ നടത്താത്തതിനാൽ തുകയുടെ വിനിയോഗം സംബന്ധിച്ച് വ്യക്തത വരുത്താൻ കഴിഞ്ഞിട്ടില്ല. ടി വിഷയത്തിന്മേൽ വിശദമായ മറുപടി അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-13 മരുന്നുകൾ യഥാ സമയം ലഭ്യമാകാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

2022-23 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾ വഴി മരുന്നുകൾ ലഭ്യമാക്കുന്നതിലേക്കായി ഹോംകോയ്ക്ക് (Kerala State Homeopathic Co-Operative Pharmacy) തുക കൈമാറിയിട്ടുണ്ടെങ്കിലും കൈമാറിയ തുകയ്ക്ക് അനുസൃതമായിട്ടുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. പദ്ധതി വഴി വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കാൻ ഇതിനാൽ കഴിഞ്ഞിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നുa

ക്രമ നം.	പ്രോജക്ടിന്റെ പേര്	പദ്ധതി ലക്ഷ്യം	അടങ്കൽ / ചെലവ്	മരുന്നിന് കൈമാറിയ ആകെ തുക	ബിൽ നം. തീയതി	ലഭിച്ചത്	ബാക്കി
1	അവൾക്കായി- കൗമാരക്കാരായ പെൺകുട്ടികളുടെ ആരോഗ്യ പരിപാലനം SO114/23	ബ്ലോക്ക് പഞ്ചായത്തിലെ ഹൈസ്കൂൾ, പ്ലസ് ടു വിദ്യാർത്ഥിനികളിൽ PCODരോഗത്തിന്റെ സാധ്യതയെ കുറിച്ച് വിലയിരുത്തുക, വിദ്യാർത്ഥികൾക്ക് PCOD രോഗാവസ്ഥയെ കുറിച്ചുള്ള ബോധവത്കരണം, ഹോമിയോ ചികിത്സ ലഭ്യമാക്കുന്നതുവഴി	200000/ 199988 വികസന ഫണ്ട് , പൊതു വിഭാഗം സാധാരണ വിഹിതം	75000	258/ 18-03-23	-	75000

		പാർശ്വഫല രഹിതവും ചെലവ് കുറഞ്ഞതുമായ മാർഗ്ഗത്തിലൂടെ അവരിലെ രോഗ പ്രതിരോധ ശേഷി നിലനിർത്തുകയും രോഗാരുത കുറയ്ക്കുകയും ചെയ്യുക					
2	സാന്ത്വ രാഗം-വയോജന സൗഹൃദ ബ്ലോക്ക് 112/23	മുതിർന്ന പൗരന്മാരുടെ ശാരീരിക മാനസിക പ്രശ്നങ്ങൾക്ക് ഫലപ്രദമായ ഹോമിയോപതി ചികിത്സ ലഭ്യമാക്കുക, അവരിലെ രോഗപ്രതിരോധ ശേഷി നിലനിർത്തുകയും അവരിൽ രോഗാരുത കുറയ്ക്കുകയും ചെയ്യുക. തുടർച്ചയായ പരിചരണം ആവശ്യമായ രോഗികൾക്ക് ആശുപത്രിയിലെ കിടത്തി ചികിത്സാ സംവിധാനം പ്രയോജനപ്പെടുത്തി ഫലപ്രദമായ ചികിത്സ ഉറപ്പാക്കുക	200000/ 200000 വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം	200000	255/ 17-3-23	-	200000
3	ആർദ്രം മിഷൻ-ജ്യോതിർ ഗമയ ബാല്യ 33/23	അങ്കണവാടി കുട്ടികളുടെ ആരോഗ്യ സംരക്ഷണം പാർശ്വഫലരഹിതമായ ഹോമിയോപതി ചികിത്സയിലൂടെ നടത്തുക എന്നതും കുട്ടികളിലുണ്ടാകുന്ന ശാരീരിക അസ്വസ്ഥതകൾ പ്രാരംഭത്തിൽ തന്നെ പരിഹരിക്കുന്നതിന് ഹോമിയോപതിഹോം റെമഡി കിറ്റ് ആവശ്യമുള്ളവർക്ക് നൽകുക എന്നതുമാണ് ലക്ഷ്യം	150000/ 150000 വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം	150000	44/ 12-10-22	-	150000
4	നെടുമങ്ങാട് താലൂക്ക് ആശുപത്രി യിലേക്ക് മരുന്ന്, ലാബ് റിയേജന്റ് എന്നിവ വാങ്ങൽ	നെടുമങ്ങാട് ഹോമിയോ ആശുപത്രി ലാബിന് ആവശ്യമായ റിയേജന്റ്, അനുബന്ധ ഉപകരണങ്ങൾ എന്നിവയും രോഗികൾക്ക് മരുന്നും	500000/ 499999 മെയിന്റനൻസ് ഫണ്ട് - റോഡിതരം	300000	43/ 12-10-22	**215235** (As Per Tax Invoice No. LF-152 Dt.	35144 (2/12/2022 ലെ കരാർ പ്രകാരം തുക കൈപ്പറ്റി 9 മാസത്തിനുള്ളിൽ മരുന്നുകൾ

	39/23	വാങ്ങുന്നു.കാര്യക്ഷമമായ രോഗ നിർണ്ണയം ചികിത്സ എന്നിവ വഴി മെച്ചപ്പെട്ട സേവനം ഉറപ്പാക്കുക				31-5-23) + **49621** (As Per Invoice No. LF-2294 Dt. 31-3-2023)	പൂർണ്ണമായി വിതരണം ചെയ്യുമെന്നാണ് വ്യവസ്ഥ)

മരുന്നുകൾ ലഭ്യമാകുന്നതിലുള്ള കാലതാമസത്തിന് വിശദീകരണം ലഭ്യമാക്കാനും ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി സംബന്ധമായ വിവരം അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി നം. 6/21-6-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ സമയ ബന്ധിതമായി ലഭ്യമാകാത്തതിനാൽ ഈ പദ്ധതി വഴി വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ 2022-23 സാമ്പത്തിക വർഷത്തിൽ കൈവരിച്ചിട്ടില്ല . എന്നാൽ പ്രോ. നം. 39/23 ന്റെ മോണിറ്ററിംഗ് റിപ്പോർട്ടിൽ ഉദ്ദേശിച്ച സമയത്ത് പദ്ധതി പൂർത്തീകരിച്ചെന്നും വിഭാവനം ചെയ്ത എല്ലാ പ്രവർത്തനങ്ങളും നടന്നിട്ടുണ്ടെന്നും മോണിറ്ററിംഗ് കമ്മിറ്റി ചെയർമാൻ, നിർവ്വഹണ ഉദ്യോഗസ്ഥ എന്നിവർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ബഹുവർഷ പ്രോജക്ട് ആയ 114/23 ന്റെ മോണിറ്ററിംഗ് റിപ്പോർട്ടിലും വിഭാവനം ചെയ്ത എല്ലാ പ്രവർത്തനങ്ങളും നടന്നിട്ടുണ്ടെന്നാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. പദ്ധതി വഴി ചെലവഴിച്ച തുകയ്ക്ക് അനുസ്യൂതമായ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കെ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയായതായി മോണിറ്ററിംഗ് റിപ്പോർട്ടിൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് തുടർ നടപടി സ്വീകരിച്ച് സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കേണ്ടതാണ്. മോണിറ്ററിംഗ് റിപ്പോർട്ടിലെ പൊരുത്തക്കേടിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-14 രേഖകൾ പ്രകാരം ഒരേ ഇനത്തിന് രണ്ട് സാമ്പത്തിക വർഷങ്ങളിൽ തുക ചെലവഴിച്ചതായി കാണിച്ചിരിക്കുന്നു.

പ്രോ. നം.	39/23
പ്രോജക്ടിന്റെ പേര്	നെടുമങ്ങാട് താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന്, ലാബ് റിയേജന്റ് എന്നിവ വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ , ഹോമിയോ
അടങ്കൽ	500000, മെയിന്റനൻസ് ഫണ്ട് - റോഡിതരം

ചെലവ്	499999, മെയിന്റനൻസ് ഫണ്ട് - റോഡിതരം		
	ക്രമ നം	ബിൽ നം.	തുക
	1	43/12-10-22	300000
	2	90/07-12-23	52771
	3	165/13-02-23	34486
	4	282/25-03-23	11034
	5	238/15-03-23	87198
	6	242/15-03-23	14510

2021-22 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത ആർദ്രം മിഷൻ- നെടുമങ്ങാട് താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന്, ഗ്ലൂക്കോമീറ്റർ , ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ് ലാൻസെറ്റ് എന്നിവ വാങ്ങൽ (പ്രോ. നം. 3/2022) പദ്ധതി പ്രകാരം എ.ബി.സി. ഡയഗ്നോസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും റിയേജന്റ് വാങ്ങിയ വകയിൽ നൽകേണ്ടിയിരുന്ന 52771 രൂപയുടെ സാംഖ്യ ബിൽ ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും (ബിൽ നം. 255/17-03-2022, മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) അക്കൗണ്ട് നമ്പരിലെ വ്യത്യാസം കാരണം ടി സ്ഥാപനത്തിന്റെ അക്കൗണ്ടിൽ തുക ക്രഡിറ്റ് ആകാതെ ഗവൺമെന്റ് അക്കൗണ്ടിലേക്ക് തിരികെ പോവുകയുണ്ടായി. BIMS Acknowledgement Receipt പ്രകാരം ആയത് ബോധ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത തുക ബ്ലോക്ക് പഞ്ചായത്തിന്റെ 28-10-2022 ലെ ഭരണസമിതി യോഗത്തിലെ 3 (12) ാം നമ്പർ തീരുമാന പ്രകാരം തനത് സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നം 39/23 വഴി നൽകിയിട്ടുണ്ട്. മുൻവർഷം നൽകിയ തുക സ്ഥാപനത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ആകാത്തതിനാൽ ആണ് തനത് സാമ്പത്തിക വർഷം തുക കൈമാറിയിട്ടുള്ളത്. 2022-23 സാമ്പത്തിക വർഷം വകയിരുത്തിയ പദ്ധതിയിൽ നിന്നും മുൻ വർഷത്തെ കുടിശ്ശിക ഒടുക്കിയ സാഹചര്യത്തിൽ സ്ഥാപനത്തിന്റെ 2021-22 വർഷത്തെ ധനകാര്യ പത്രികകളിൽ ആയത് ക്രമീകരിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാൻ ഓഡിറ്റ് എൻകൗയറി നം. 6/21-6-2023 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തെ സുലേഖ എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ് , എ.സി.ആർ എന്നിവ പരിശോധിച്ചതിൽ പ്രസ്തുത സാമ്പത്തിക വർഷം എ.ബി.സി. ഡയഗ്നോസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡിന് തുക നൽകി ചെലവ് പൂർത്തീകരിച്ചതായാണ് കാണുന്നത്. പദ്ധതി ചെലവ് പൂർത്തിയാകാത്തതും തുക സർക്കാരിലേക്ക് തിരികെ പോയതും സ്ഥാപനത്തിന്റെ ധനകാര്യ പത്രികയിൽ നിന്നും വ്യക്തമല്ല. ഫലത്തിൽ 2021-22 സാമ്പത്തിക വർഷത്തിലും 2022-23 സാമ്പത്തിക വർഷത്തിലും ഒരേ ഇനത്തിന് തുക ചെലവഴിച്ചതായി കാണിച്ചിരിക്കുന്നു.

2022-23 സാമ്പത്തിക വർഷം പ്രസ്തുത ആവശ്യത്തിനായി വകയിരുത്തിയ പദ്ധതിയിൽ നിന്നും മുൻ വർഷത്തെ കുടിശ്ശിക ഒടുക്കുന്നതിനും ബാക്കി തുകയ്ക്ക് ഈ വർഷത്തെ ആവശ്യമുള്ള വസ്തുക്കൾ ഭാഗികമായി വാങ്ങുന്നതിനും സർക്കാരിൽ നിന്നും തുക തിരികെ ലഭിക്കുന്ന സാഹചര്യത്തിൽ ആ തുകയ്ക്ക് കൂടി വാങ്ങാവുന്നതാണെന്നുമാണ് ഭരണ സമിതി തീരുമാനം എടുത്തിരിക്കുന്നത്. തുക തിരികെ നൽകാൻ സർക്കാരുമായി നടത്തിയിട്ടുള്ള കത്തിടപാടുകളുടെ വിശദാംശവും ലഭ്യമാക്കാൻ ഓഡിറ്റ് എൻകൗയറി നം. 6 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ടി വിഷയത്തിന്മേൽ സ്വീകരിച്ച തുടർ നടപടി സംബന്ധിച്ച പൂർണ്ണമായ വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-15 തൊഴിൽ പരിശീലനത്തിനായി കൈമാറിയ 115000 രൂപയുടെ വിനിയോഗം സംബന്ധിച്ച പൂർണ്ണമായ രേഖകൾ ലഭ്യമാക്കിയില്ല

പ്രോ. നം.	87/23
പ്രോജക്ടിന്റെ പേര്	ബ്ലോക്ക് തല ലേബർ ബാങ്ക് രൂപീകരണം
നിർവ്വഹണ	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ

ഉദ്യോഗസ്ഥൻ			
അടങ്കൽ	വികസന ഫണ്ട് - പൊതു വിഭാഗം, സാധാരണ വിഹിതം	350000	
	മറ്റുള്ളവ	15000	
	ആകെ	**365000**	
ചെലവ്	വികസന ഫണ്ട് - പൊതു വിഭാഗം, സാധാരണ വിഹിതം	350000	100000- (ബിൽ നം. 251/16-03-2023)
			250000- Invoice No. Q-1983 Dt. 22/3/23 (ബിൽ നം. 298/28-03-2023)
	മറ്റുള്ളവ	0	
	ആകെ	**350000**	

ബ്ലോക്ക് തലത്തിൽ കാർഷിക വ്യത്തി, വീട് ക്ലീനിംഗ് , ആശാരിപ്പണി, പ്ലംബിംഗ് , ഇലക്ട്രിക്കൽ ജോലികൾ, തെങ്ങുകയറ്റം, മുതലായ ജോലികൾ ചെയ്യുന്നവരുടെ തൊഴിൽ സേന രൂപീകരിക്കുക, ഇവർക്ക് ബ്ലോക്ക് തലത്തിൽ നൈപുണ്യ പരിശീലനം, മാനേജ്മെന്റ് പരിശീലനം ഉൾപ്പെടെ നൽകുക, ഓരോ ഗ്രൂപ്പിനെയും തൊഴിൽ സേനകളായി സജ്ജരാക്കുക, തൊഴിലിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് 50 % സബ്സിഡി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ടി പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പദ്ധതി പ്രകാരം ചങ്ങാതിക്കൂട്ടം എന്ന പേരിൽ ലേബർ ബാങ്ക് രൂപീകരിക്കുകയും അംഗങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ മഹിളാ കിസാൻ ശാക്തീകരണ പരിയോജന പദ്ധതി പ്രകാരം രൂപീകൃതമായ കാർഷിക പരിശീലന കേന്ദ്രമായ MKSP South Federation മുഖേന പരിശീലനം നൽകുന്നതിന് 17-03-2023 ലെ ഭരണ സമിതി യോഗം തീരുമാനം എടുക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ വനിതകൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് 100000 രൂപയും പരിശീലന പദ്ധതിയ്ക്കായി 8 ബുഷ് കട്ടർ, 5 തെങ്ങ് കയറ്റ യന്ത്രം മുതലായവ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും വാങ്ങുന്നതിന് 250000 രൂപയും (ഇത് ദിവസവാടകയ്ക്ക് തൊഴിൽ സേനയിലെ അംഗങ്ങൾ നിലവിൽ ഉപയോഗിച്ച് വരുന്നു) 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്. ഇത്തരത്തിൽ സുലേഖ എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 350000 രൂപയാണ് പദ്ധതിയിനത്തിലെ ആകെ ചെലവ്.

I)ഗാർഡൻ ടില്ലർ. തെങ്ങുകയറ്റം , ഡ്രിപ്പ് ഇറിഗേഷൻ, ബ്രഷ് കട്ടർ എന്നിവയിൽ 30 തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിന് വേണ്ടിവരുന്ന ചെലവായ 115000 രൂപ എം.കെ.എസ്.പി സൗത്ത് ഫെഡറേഷൻ , തിരുവനന്തപുരം എന്ന സ്ഥാപനം കത്ത് മുഖേന മുൻകൂറായി ആവശ്യപ്പെട്ടിട്ടുണ്ട്.(ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ ഉപ പദ്ധതിയായി ആരംഭിച്ച സ്തീകൾക്കായുള്ള യന്ത്രവൽകൃത കാർഷിക പദ്ധതിയാണ് മഹിളാ കിസാൻ ശാക്തീകരൺ പരിശോജന)

എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചെലവിന്റെ വിശദാംശം ഇപ്രകാരമാണ്

ക്രമ നം.	ഇനം	ചെലവ്
1	യന്ത്രങ്ങൾ	7500
2	പരിശീലകർ	37500
3	ഡ്രിപ്പ് മെറ്റീരിയൽ	10000
4	ഫ്യുവൽ ചാർജ്	10000
5	ഭക്ഷണച്ചലവ്	21000
6	യാത്രാപ്പടി	15000
7	ബാനർ , റൈറ്റിംഗ് പാഡ്& പേന	1000
8	വാഹന ചെലവ്	5000
9	മറ്റ് ചെലവുകൾ	8000
	ആകെ	**115000**

*ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച കത്തിൽ തീയതി , നമ്പർ എന്നിവ ഉൾപ്പെട്ടിട്ടില്ല

പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് ചെലവ് വിശദാംശം അറിയിക്കുന്നതാണെന്ന് പ്രസ്തുത കത്തിൽ അറിയിച്ചിട്ടുണ്ട്. 15-03-2023 ൽ എം.കെ.എസ്.പി സൗത്ത് ഫെഡറേഷൻ CEO വ്യവസായ വികസന ഓഫീസറുമായി ഏർപ്പെട്ടിട്ടുള്ള കരാർ പത്രത്തിൽ പരിശീലനത്തിൽ പങ്കെടുത്തവരുടെ ഹാജർ വിവരങ്ങൾ നൽകാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിലേക്കായി 100000 രൂപ ബിൽ നം. 251/16-03-2023 വഴി പ്രസ്തുത സ്ഥാപനത്തിന് മുൻകൂറായി കൈമാറി. എന്നാൽ 5/5/23 ന് പ്രസ്തുത സ്ഥാപനം പരിശീലന റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം , പരിശീലനം സംബന്ധിച്ച ഫോട്ടോകൾ എന്നിവ ലഭ്യമാക്കിയെങ്കിലും ഹാജർ വിവരങ്ങൾ ,ചെലവ് വിശദാംശം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഹാജരാക്കിയ ഫോട്ടോകൾ പരിശോധിച്ചതിൽ 30 പേർ പരിശീലനത്തിന് പങ്കെടുത്തിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടില്ല.

30 പേർക്ക് ടില്ലർ, ബ്രഷ് കട്ടർ, തെങ്ങ് കയറ്റം, ബയോ ഫെർട്ടിലൈസർ നിർമ്മാണം, ഡ്രിപ്പ് ഇറിഗേഷൻ എന്നീ ഇനങ്ങളിൽ കരകുളം പഞ്ചായത്തിലെ കാച്ചാണി എന്ന സ്ഥലത്ത് 22/3/2023 മുതൽ 27-3-2023 വരെ പരിശീലനവും. ആനാട് പഞ്ചായത്തിലെ കല്ലിയോട് എന്ന സ്ഥലത്തു വച്ച് 2/5/23 മുതൽ 4-5-23 വരെ 3 ദിവസത്തെ റിഫ്രഷർ പരിശീലനവും നടത്തി പരിശീലനത്തിനായി അനുവദിച്ച 100000 രൂപ ചെലവഴിച്ചിട്ടുള്ളതായി ധനവിനിയോഗ സാക്ഷ്യ പത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ആധികാരികത പരിശോധിക്കാൽ ഉതകും വിധം യാതൊരുവിധ രേഖയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ചെലവ് വിശദാംശവും ഹാജർ വിവരങ്ങളും ഓഡിറ്റ് എൻകൃയറി നം. 22/23-6-2023 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

Ii) ടി പദ്ധതിയ്ക്കായി 15000 രൂപ 30 ഗുണഭോക്താക്കളിൽ നിന്നായി പിരിച്ചെടുക്കുകയും Rt No. 1220/64 Dt. 23/03/2023 പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടുമുണ്ട്. സ്ഥാപനത്തിന്റെ ചെക്ക് ഇഷ്യൂ രജിസ്റ്റർ പരിശോധിച്ചതിൽ ഗുണഭോക്ത്യവിഹിതമായി പിരിച്ചെടുത്ത 15000 രൂപ തൊട്ടടുത്ത സാമ്പത്തിക വർഷത്തിൽ (17-4-2023 ൽ) ചെക്ക് നം. 9040243 വഴി പൂർണ്ണമായി പിൻവലിച്ചിട്ടുള്ളതായി കാണുന്നു. തുകയുടെ വിനിയോഗം സംബന്ധിച്ച് വിശദീകരണം ഓഡിറ്റ് എൻകൃയറി നം. 32 വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

2023 മാർച്ച് 15 ന് വ്യവസായ വികസന ഓഫീസറുടെ പേർക്ക് സ്ഥാപനത്തിന്റെ CEO എഴുതി നൽകിയിരിക്കുന്ന കരാർ പത്രത്തിൽ കരാറിലെ ഉറപ്പുകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം ടി പരിശീലനത്തിന്റെ നടത്തിപ്പിലേക്കായി നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് വ്യവസായ വികസന ഓഫീസർ മുഖേന അനുവദിച്ച് നൽകിയ 100000 രൂപ 12% പലിശ സഹിതം തിരികെ അടച്ചുകൊള്ളാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്ഥാപനം ലഭ്യമാക്കിയ ധനവിനിയോഗ സാക്ഷ്യപത്രത്തിലും പരിശീലനത്തിനായി അനുവദിച്ച 100000 രൂപ പൂർണ്ണമായി ചെലവഴിച്ചിട്ടുള്ളതായാണ് പ്രതിപാദിക്കുന്നത്. സ്ഥാപനം ഗുണഭോക്ത്യ വിഹിതം കൈപ്പറ്റിയതായി യാതൊരു വിധ പരാമർശമോ രേഖയോ ലഭ്യമല്ല. പദ്ധതി തുകയായ 100000 രൂപയും ഗുണഭോക്ത്യ വിഹിതമായ 15000 രൂപയും ഉൾപ്പെടെ ആകെ 115000 രൂപയുടെ വിനിയോഗം സംബന്ധിച്ച് പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-16 കമ്പ്യൂട്ടറുകൾ സ്റ്റോക്കിലെടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പ്രോ. നം.	95/23
പ്രോജക്ടിന്റെ പേര്	നെടുമങ്ങാട് താലൂക്ക് ഹോമിയോ ആശുപത്രിയുടെ ദൈനംദിന പ്രവർത്തന ചെലവുകൾ
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ- ഹോമിയോ
അടങ്കൽ	200000, മെയിന്റനൻസ് ഫണ്ട് - റോഡിതരം

ചെലവ്	200000, മെയിന്റനൻസ് ഫണ്ട് - റോഡിതരം

നെടുമങ്ങാട് താലൂക്ക് ഹോമിയോ ആശുപത്രിയുടെ ദൈനംദിന പ്രവർത്തന ചെലവുകൾ എന്ന പദ്ധതിയ്കായി രണ്ടു ലക്ഷം രൂപ ചെലവഴിച്ചതിൽ 2 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി 78050 രൂപ 20-2-2023 ൽ കെൽട്രോൺ ലഭ്യമാക്കിയ പ്രൊഫോമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ സാംഖ്യ ബിൽ നം. 185/21-02-23പ്രകാരം കൈമാറിയിട്ടുണ്ട്. എന്നാൽ ആവശ്യപ്പെട്ട കമ്പ്യൂട്ടറുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. കമ്പ്യൂട്ടറുകൾ ലഭ്യമാകുന്നതിലെ കാലതാമസത്തിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നം. 6/21-6-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കമ്പ്യൂട്ടറുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് തുടർ നടപടി സ്വീകരിക്കുകയും ആയത് സ്റ്റോക്കിലെടുത്ത് പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-17 സർവ്വീസ് ചാർജ്ജായി ഈടാക്കിയ തുകയ്ക്ക് അനുസ്യൂതമായുള്ള ജി.എസ്.ടി ബിൽ ലഭ്യമാക്കിയില്ല

പ്രോ. നം.	99/23		
പ്രോജക്ടിന്റെ പേര്	നെടുമങ്ങാട് താലൂക്ക് ഹോമിയോ ആശുപത്രിയിലേക്ക് ഹെമറ്റോളജി, തൈറോയിഡ് അനലൈസർ , അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ		
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ഹോമിയോ		
അടങ്കൽ	415000, മെയിന്റനൻസ് ഫണ്ട് - റോഡിതരം		
ചെലവ്	414995 , മെയിന്റനൻസ് ഫണ്ട് - റോഡിതരം		
	ക്രമ നം	സാംഖ്യ ബിൽ നം.	തുക
	1	50/19-10-22	181814
	2	287/27-03-23	98858
	3	288/27-03-23	23000
	4	315/ 28-03-23	403
	5	314/ 28-03-23	110920

നെടുമങ്ങാട് താലൂക്ക് ഹോമിയോ ആശുപത്രിയിലേക്ക് ഹെമറ്റോളജി, തൈറോയിഡ് അനലൈസർ , അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതി പ്രകാരം ഹെമറ്റോളജി അനലൈസർ വാങ്ങുന്നതിന് 181814 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. 18-10-2022 ന് പ്രസ്തുത സ്ഥാപനം സമർപ്പിച്ചിട്ടുള്ള പ്രൊഫോമ ഇൻവോയിസ് നം. 56/2022-23 ന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയത്. പ്രൊഫോമയിലെ വിവരങ്ങൾ ഇപ്രകാരമാണ്

Equipment Name	Supplier	Unit Cost	Qty	Total Cost	Delivery
Hematology Analyser (3 Part)	M/S Deep Meditech Pvt Ltd	181814	1	181814	6 Weeks
Grand Total (Inclusive Of All Taxes, Service Charges Etc)				181814	
Items Taxable Amount	144000				
Item Gst	25920				
KMSCL SC (7%)	10080				
KMSCL SC GST (18%)	1814				

10080 രൂപ സർവ്വീസ് ചാർജ് ആയും 1814 രൂപ ആയതിന്റെ ജി.എസ്.ടി ആയും ആവശ്യപ്പെട്ടുണ്ട്. എന്നാൽ

ഹെമറ്റോളജി അനലൈസർ സപ്ലൈ ചെയ്ത 'ഡീപ്പ് മെഡി ടെക് പ്രൈവറ്റ് ലിമിറ്റഡ്' എന്ന സ്ഥാപനം ലഭ്യമാക്കിയ 169920 രൂപയുടെ ടാക്സ് ഇൻവോയിസ് മാത്രമാണ് ബന്ധപ്പെട്ട ഫയലിൽ ഉൾപ്പെട്ടിട്ടുള്ളത്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് സർവ്വീസ് ചാർജ് ഇനത്തിൽ നൽകിയിട്ടുള്ള 10080 രൂപയുടെയും ആയതിന്റെ ജി.എസ്.ടി ഇനത്തിൽ നൽകിയിട്ടുള്ള 18814 രൂപയുടെയും ടാക്സ് ഇൻവോയിസ് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 6/21-6-2023 ന് മറുപടി ലഭ്യമാക്കുകയോ രേഖ ഹാജരാക്കുകയോ ചെയ്തിട്ടില്ല. 2017 ലെ ജി.എസ്.ടി ചട്ടങ്ങൾ , ചട്ടം 54 പ്രകാരമുള്ള ടാക്സ് ഇൻവോയിസ് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയ 11894 രൂപ തിരികെ ഈടാക്കി പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - വിനിയോഗ വിവരവും അനുബന്ധ രേഖകളും ലഭ്യമല്ല-3746300 രൂപയുടെചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം	S0007/23
പ്രോജക്റ്റിന്റെ പേര്	കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ തുക	₹3750000/-
ചെലവ്	₹3746300/-
ഫണ്ട്	വികസനഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്)
ബിൽ നം, തീയതി	160/09-02-2023 തീയതി 09/02/2023-₹830000/- 163/09-02-2023 തീയതി 09/02/2023-₹415000/- 187/22-02-2023 തീയതി 22/02/2023-₹451300/- 224/10-03-2023 തീയതി 10/03/2023-₹2048600/- 233/11-3-2023 തീയതി ; 11-3-2023-1400 രൂപ

വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതി പ്രകാരം 9 കുടിവെള്ള പദ്ധതികൾക്ക് ലൈൻ നീട്ടുന്നതിനായി 3750000/- വകയിരുത്തിയതിൽ 3746300/- കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട, ഡീറ്റെയിൽഡ് ബിൽ, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം 12/22-6-23 ന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതു വരെക്കും 3746300 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിന്റെ അഭാവത്തിൽ ഇ- ഓട്ടോകൾ കൈമാറിയിട്ടില്ല-

പ്രോജക്റ്റ് നം	S0109/23
പ്രോജക്റ്റിന്റെ പേര്	സമൃദ്ധി വനിതാ സ്വയംതൊഴിൽ സംരംഭം
നിർവ്വഹണ ഉദ്യോഗസ്ഥൻ	ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ & സെക്രട്ടറി

അടങ്കൽ തുക	₹2000000/-
ചെലവ്	₹2000000/-
ഫണ്ട്	വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം)
ബിൽ നം, തീയതി	154/31-01-2023 - ₹1496250/- 264/20-03-2023 - ₹304696/- 326/29-03-2023 - ₹199054/-

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിലെ 5 ഗ്രാമപഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 2 പേർ വീതമുള്ള 4 ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ നൽകുന്നതിനായി കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിൽ നിന്നും 5 ഇലക്ട്രിക് ഓട്ടോറിക്ഷകൾ വാങ്ങുന്നതിനായി ₹1575000/- യും വാങ്ങുന്ന ഓട്ടോറിക്ഷകൾ പാർക്ക് ചെയ്യുന്നതിനും ചാർജ് ചെയ്യുന്നതിനുമുള്ള സംവിധാനം ഒരുക്കുന്നതിനായി ₹400000/- യും ഗുണഭോക്താക്കൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനായി ₹25000/- മുൾപ്പെടെ വികസന ഫണ്ട് പൊതുവിഭാഗത്തിൽ ₹20,00000/- വകയിരുത്തി പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റും, ഗുണഭോക്താക്കളുടെ വരുമാനത്തിന്റെ വിവരങ്ങളടക്കം അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഫയലിൽ ലഭ്യമല്ല.

3. പരിശീലനത്തിനായി ചെലവഴിച്ച 25000 രൂപയുടെ ചെലവു രേഖകൾ ലഭ്യമല്ല.

2. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പ്രസ്തുത വാഹനങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി കാണുന്നില്ല

3. 26-6-23 ന് നടത്തിയ സ്ഥല പരിശോധനയിൽ ലഭിച്ച ഓട്ടോറിക്ഷകളിലൊന്നിന്റെ മുൻവശത്തെ ചില്ലുകൾ പൊട്ടിയതായും ബംപറിന് കേടുപാടുകൾ സംഭവിച്ചതായും കണ്ടു.



ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻകയറി 20/22-6-23 മറുപടിയായി ഗ്രാമ സഭാ യോഗങ്ങൾ തീർന്നതിനുശേഷമാണ് പ്രോജക്റ്റിന്റെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറായതെന്നും ടി ലിസ്റ്റ് ഗ്രാമ സഭയുടെ സാധൂകരണത്തിനായി ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളായ വനിതകൾക്ക് KAL മുഖേന ഇലക്ടിക്ക് ഓട്ടോകൾ ഓടിക്കുന്നതിന് പരിശീലനം സൗജന്യമായി നൽകുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയതിനാൽ പരിശീലനത്തിന് തുക ചെലവഴിച്ചിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. പദ്ധതിക്കായി വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചതായാണ് കാണുന്നത് ആയതിൽ മേൽപറഞ്ഞ 25000 രൂപയുടെ ചെലവുകൂടി ഉൾപ്പെടുന്നുണ്ട്. ആയതിനാൽ ടി തുക ഏതാവശ്യത്തിനാണ് ചെലവഴിച്ചതെന്നതിന്റെ ചെലവു രേഖകൾ ലഭ്യമാക്കേണ്ടതും കേടുപാടു സംഭവിച്ച ഇ- ഓട്ടോ മാറ്റി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് ആയതിന്റെ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-20 റോഡ് പ്രവൃത്തികൾ-കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

പതിനാലാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്) നമ്പർ 84/2022/ ത.സ്വ.ഭ.വ /19-04-2022 ലെ ഖണ്ഡിക 8.14(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും

തയ്യാറാക്കുകയും റോഡ് വികസനം റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്ത് തൻവർഷം ധാരാളം റോഡ് അനുബന്ധ പ്രവൃത്തികൾ നിർവഹിച്ചിട്ടുണ്ട്. നിർവഹണം നടത്തിയ റോഡ് ടാറിംഗ്, കോൺക്രീറ്റിംഗ്, പ്രവൃത്തികൾ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയല്ല ഏറ്റെടുത്തിരിക്കുന്നത്. ഈ പരാമർശത്തിൻ മേലുള്ള ഓഡിറ്റ് എൻകയറിക്ക് (നം 15) മറുപടിയായി ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന പഞ്ചായത്തുകൾ R-Track എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് റോഡ്കണക്റ്റിവിറ്റി മാപ്പ് പഞ്ചായത്ത് തലത്തിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയതിന്റെ പരിശോധന പൂർത്തീകരിച്ചിട്ടില്ലെന്നും, പൂർത്തീകരിക്കുന്ന മുറയ്ക്ക് കണക്റ്റിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

കൂടാതെ മേൽ സൂചിപ്പിച്ച ഉത്തരവ് ഖണ്ഡിക 8.14(11) പ്രകാരം ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരോ വാർഷിക പദ്ധതിയിലും കുറഞ്ഞത് ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നിർമ്മിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള പ്രവൃത്തി ഈ സാമ്പത്തിക വർഷമോ മുൻ പഞ്ചവത്സര പദ്ധതിക്കാലത്തോ ഏറ്റെടുത്തിട്ടില്ല. റോഡ് പ്രവൃത്തികൾ സർക്കാർ നിർദ്ദേശം പാലിച്ച് ഏറ്റെടുത്ത് പൂർത്തീകരിക്കേണ്ടതാണ്.

1-21 റോഡ് കോൺക്രീറ്റിംഗ് & ടാറിംഗ് പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

പതിനാലാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്) നമ്പർ 84/2022/ ത.സ്വ.ഭ.വ /19-04-2022 ലെ ഖണ്ഡിക8.14 (3) പ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാതെ വീതിയുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്ന റോഡുകൾക്ക് മാർഗരേഖപ്രകാരം നിർദ്ദേശിക്കുന്ന വീതിയില്ല.

മേൽ ഉത്തരവ് ഖണ്ഡിക നം 8.14 (4) പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള റോഡുകൾക്കുവേണ്ടി പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതം വാങ്ങുകയും, പി.എം.എ.വൈക്ക് വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും വേണം. എന്നാൽ ഇത്തരത്തിലുള്ള സാക്ഷ്യ പത്രങ്ങൾ പ്രോജക്ടുഫയലുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത പരാമർശങ്ങൾക്കുള്ള ഓഡിറ്റ് എൻകയറിക്ക് മറുപടിയായി റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള സാക്ഷ്യപത്രവും സമ്മതവും അടുത്ത സാമ്പത്തിക വർഷം മുതൽ വാങ്ങുന്നതാണെന്ന് മറുപടി നൽകി. റോഡ് പ്രവൃത്തികൾ സർക്കാർ നിർദ്ദേശം പാലിച്ച് ഏറ്റെടുത്ത് പൂർത്തീകരിക്കേണ്ടതാണ്.

1-22 കിള്ളിയാർ മിഷൻ തുടർ പ്രവർത്തനങ്ങൾ-പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചില്ല.

സുലേഖ പത്രിക പരിശോധിച്ചതിൽ രൂപ 5000000/-(ഫണ്ട്-മറ്റുള്ളവ) വകയിരുത്തി കിള്ളിയാർ മിഷൻ തുടർ പ്രവർത്തനങ്ങൾ എന്ന പേരിൽ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. സ്പിൽ ഓവർ ആയിട്ടാണ് പദ്ധതി ഏറ്റെടുത്തിരിക്കുന്നത്. പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയിരിക്കുന്ന ഫണ്ട് സംബന്ധിച്ചും നിലവിലെ അവസ്ഥ സംബന്ധിച്ചും ഓഡിറ്റ് എൻകയറി നൽകിയിരുന്നു. ആയതിന് മറുപടിയായി കിള്ളിയാർ മിഷനുമായി ബന്ധപ്പെട്ട് കിള്ളിയാറിന്റെ കയ്യേറ്റം ഒഴിപ്പിച്ച ഭാഗങ്ങൾ വേലി കെട്ടി സംരക്ഷിക്കുന്നതിലേക്കാണ് പദ്ധതി 2020-21 ൽ ടെണ്ടർ ചെയ്യാൻ വിഭാവനം ചെയ്തിരുന്നത് എന്നും എന്നാൽ കയ്യേറ്റം ഒഴിപ്പിച്ച ഭാഗം കരാറുകാരന് ഏറ്റെടുക്കാൻ കഴിയാതെ വരികയും ടിയാൻ എഗ്രിമെന്റ് വയ്ക്കാതെ പിൻവാങ്ങുകയുമാണ് ഉണ്ടായത് എന്നും അറിയിച്ചു. കൂടാതെ നിരവധി തവണ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ചിരുന്നുന്നെങ്കിലും തുടർ പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശം നൽകാത്തതിനാലാണ് പദ്ധതി നടപ്പിലാക്കാൻ സാധിക്കാതെ വന്നത് എന്നും അറിയിച്ചു. ഇത് കൂടാതെ ഈ പ്രവൃത്തിക്ക് നഗര സംയോജനത്തിന്റെ ഭാഗമായി മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും 50 ലക്ഷം അനുവദിച്ചിട്ടുണ്ടെന്നും അറിയിച്ചു. എന്നാൽ ഫണ്ട് ലഭ്യമായത് സംബന്ധിച്ച വിവരങ്ങൾ നൽകിയില്ല. 2023-24 ൽ ഇത് വീണ്ടും പ്രോജക്ട് നം 82/2024 എന്ന പേരിൽ ഏറ്റെടുത്തിട്ടുണ്ട്. പദ്ധതി സംബന്ധിക്കുന്ന തുടർ പ്രവർത്തനങ്ങളിൽ ഭരണ സമിതിയുടെ ശ്രദ്ധ പതിയേണ്ടതാണ്.

1-23 അധിക (പുതുക്കിയ) ജി.എസ്.റ്റി. കോമ്പൻസേഷൻ അനുവദിച്ചത്-പൂർണമായ രേഖകൾ ലഭ്യമാക്കിയില്ല.

11.08.2022 ലെ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് കമ്മിഷണറുടെ കത്ത് നം CT/6527/2022-C9 പ്രകാരം 2022 ജൂലൈ 18 മുതൽ കരാർ പ്രവൃത്തി സേവനങ്ങൾക്ക് 18% നികുതിയാണ് ബാധകമാക്കിയിട്ടുള്ളത്. നം.ഡി.ബി.3/9058/2017/സി,ഇ,/ത.സ്വ.ഭ.വ. തീയതി.02.09.2022 കത്ത് പ്രകാരം 18.07.2022 ന് മുമ്പ് പൂർത്തിയാക്കിയ പ്രവൃത്തികളിൽ ഇൻവോയ്സ് തീയതിയും പേയ്മെന്റ് തീയതിയും 18.07.2022 ന് ശേഷമാണ് വരുന്നതെങ്കിൽ പുതുക്കിയ ഉയർന്ന നികുതി നിരക്കായ 18% ബാധകമാണ്. ഇത് 6% നികുതി കരാറുകാരന് നൽകേണ്ട ബാധ്യത സർക്കാരിന് ഉണ്ടാകുന്നുണ്ട്. തൻവർഷം പ്രോജക്ട് നം 103 പ്രകാരം 119793/-രൂപ മരാമത്ത് പ്രവൃത്തികളുടെ വർദ്ധിപ്പിച്ച ജി,എസ്.റ്റി നികുതിയിനത്തിൽ നൽകിയിട്ടുണ്ട്. വർദ്ധിപ്പിച്ച തുക നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ഫയലുകൾ, മുമ്പ് നികുതി ഒടുക്കുവരുത്തിയ വിവരങ്ങൾ, മുൻ പ്രവൃത്തികളുടെ ഇൻവോയ്സ് തീയതി, പേയ്മെന്റ് തീയതി എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ കൂടെ ലഭ്യമാക്കുവാൻ താല്പര്യപ്പെട്ട് ഓഡിറ്റ് എൻകയറി (നം 18) നൽകിയിരുന്നു. അധിക ജി.എസ്.റ്റി. അനുവദിച്ച പ്രവൃത്തികളെ സംബന്ധിച്ച് ചുവടെ പറയും പ്രകാരം മറുപടി ലഭ്യമാക്കി.

പ്രോജക്ട് വിവരം	പ്രവൃത്തി തുടങ്ങിയ തീയതി	പ്രവൃത്തി പൂർത്തീകരിച്ച തീയതി	പേയ്മെന്റ് റിക്വസിഷൻ.
കല്ലിയോട് കരിക്കുഴി റോഡ് കോൺക്രീറ്റിംഗ്-(12/23)	05.08.2022	15.10.2022	07.11.2022
പേരയം പടിഞ്ഞാറ്റിൻകര റോഡ് കോൺക്രീറ്റ്-(3/23)	11.08.2022	15.11.2022	21.11.2022
കീഴേകല്ലയം മണലി നാഗർകാവ് റോഡ് കോൺക്രീറ്റിംഗ്-(6/23)	09.08.2022	07.01.2023	12.01.2023
വേങ്കവിള അംഗൻവാടിക്ക് സമീപം ഓപ്പൺ ജിം-(1/23)	08.08.2022	11.02.2023	14.02.2023

എന്നാൽ ഈ പ്രവൃത്തികളുടെ ബിൽ തുക, ജി.എസ്സ്.റ്റി. ഇനത്തിൽ (12%) ആദ്യം ഒടുക്കുവരുത്തിയ തുക. സർക്കാർ ഉത്തരവിന് വിധേയമായി ഒടുക്കേണ്ടതായ (18%) ജി.എസ്.റ്റി. തുക, ഓരോ പ്രവൃത്തിക്കും ഒടുക്കു വരുത്തിയ അധിക 6% തുക എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയില്ല. ടി വിവരങ്ങൾ പട്ടികപ്പെടുത്തി അനുബന്ധ രേഖകൾ ഉൾപ്പെടെ മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-24 പൊതുമരാമത്ത് പ്രവൃത്തി-എസ്.സി.പി. ഫണ്ട് വകയിരുത്തി ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കാൻ കാലതാമസം

പതിനാലാം പഞ്ചവൽസര പദ്ധതി- വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്) നമ്പർ 84/2022/ ത.സ്വ.ഭ.വ 19-04-2022 ലെ ഖണ്ഡിക 6.1 ൽ പട്ടികജാതി ഉപ പദ്ധതി വിഹിതം വകയിരുത്തലും വിനിയോഗവും വ്യക്തമാക്കുന്നുണ്ട്. തൻവർഷം 5 പദ്ധതികളാണ് പട്ടികജാതി ഉപ പദ്ധതി വിഹിതം വകയിരുത്തി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഏറ്റെടുത്തത്. 2952456-രൂപ വകയിരുത്തിയതിൽ 1596792/-രൂപ ചെലവഴിച്ചു. 54% ആണ് ആകെ ചെലവ്.

ഖണ്ഡിക 6.1(1) പ്രകാരം പട്ടികജാതി ഉപ പദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല. എന്നാൽ പ്രോജക്ട് നം 119/23 എന്ന പ്രവൃത്തിക്ക് തുക വകയിരുത്തിയെങ്കിലും തൻവർഷം തുക ചെലവഴിച്ചില്ല. ഇതിന് മറുപടിയായി പ്രസ്തുത പ്രവൃത്തിക്ക് 27.03.2023 ലാണ് എഗ്രിമെന്റ് വച്ചതെന്നും 2023-24 സാമ്പത്തിക വർഷം 85/2024 ആയി ടി പ്രവൃത്തി തുടർന്ന് വരികയാണെന്നും മറുപടി ലഭ്യമാക്കി. എസ്.സി.പി. ഫണ്ട് വകയിരുത്തി ഏറ്റെടുത്ത പ്രവൃത്തിയുടെ ഫണ്ടിന്റെ അപര്യാപ്തത, പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി കണക്കാക്കാതെയുള്ള പ്രോജക്ട് അംഗീകാരം എന്നിവ കൊണ്ടാണ് പട്ടികജാതി ഉപ വിഹിതം സമയബന്ധിതമായി ചെലവഴിക്കാൻ കഴിയാത്തത് എന്നും

മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഫണ്ട് നഷ്ടമാകാതെ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

1-25 ഓടകളുടെ സൈഡ് വാൾ നിർമ്മാണം- ഉയർന്ന സ്പെസിഫിക്കേഷൻ ഉപയോഗിച്ച്. വശങ്ങളിലെ കോൺക്രീറ്റ് നിർമ്മിച്ചു. നഷ്ടം- 2273/- രൂപ- തുക തടസ്സപ്പെടുത്തുന്നു.

MoRD സ്പെസിഫിക്കേഷൻ പ്രകാരം ഓടകളുടെ വശങ്ങളിലെ കോൺക്രീറ്റ് നിർമ്മിക്കുന്നതിന് M15 1: 2.5: 5 (MoRD 11-4-2-1) ആണ് ഉപയോഗിക്കേണ്ടത്. കൂടാതെ നം.ഡി.ബി.1/3727/2021/സി.ഇ./ത.സ്വ.ഭ.വ. തീയതി.05.04.2021 പ്രകാരവും MoRD 11-4-2-1 ഇനം ഉപയോഗിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇവിടെ ഉയർന്ന നിരക്കിലുള്ള 1:2:4 (Code 75-8-1-1) കോൺക്രീറ്റ് ഉപയോഗിച്ചതായി കാണുന്നു.

പദ്ധതിയുടെ പേര്	മൈലമൂട് കോളനി-കരിങ്കട റോഡ്
പദ്ധതി നം	78/2023
അടങ്കൽ	900000/- എസ്.സി.പി + തനത് ഫണ്ട്
ചെലവ്	880238/-
ബിൽ നം-	157, തീയതി. 06/02/23 -834627/-
ബിൽ നം-	248/23 തീയതി. 15/03/23 -15373/-
ചെക്ക് നം-	
എ. സി. ആർ ബിൽ നം.	156/ 4-2-23 തുക – 30238 രൂപ
നിർവഹണം	അസി.എക്സി.എഞ്ചിനീയർ.
കരാറുകാരൻ	ജയകുമാർ.

ഈ പ്രവൃത്തിയിൽ ഇനം നം 10 ആയിട്ടാണ് ഉയർന്ന സ്പെസിഫിക്കേഷനിലുള്ള സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ചിരിക്കുന്നത്.

പ്രവൃത്തി നിർവഹിച്ച വിവരം (75-8-1-1) .

2x20x0.90x0.10= 3.6m3

തുക നൽകിയ വിവരം .

3.6 M3 @ 7714/- = 27770/-

(75-8-1-1 -ന്റെ MoRD നിരക്ക്-8296.75,

കരാറുകാരൻ കാട്ട് ചെയ്ത നിരക്ക്-7714/) 7.02% കുറവ്

ഉപയോഗിക്കേണ്ടിയിരുന്ന ഇനവും നൽകേണ്ടിയിരുന്ന തുകയും.

MoRD 11-4-2-1

MoRD നിരക്ക്- 7617.29

കരാറുകാരന് നൽകാവുന്ന നിരക്ക്- 7082.56 (7.02% കുറവ്)

ഈ ഇനം പ്രവൃത്തിക്ക് നൽകാവുന്ന പരമാവധി തുക

3.6m3 @7082.56 =25497.21

അധികം നൽകിയ തുക =2273/- (27770- 25497)

ടി നഷ്ട തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ആയത് വരേക്കും അധികം നൽകിയ തുക 2273 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി പദ്ധതി- നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ട് നം.	77/2022-23
പേര്	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി
അടങ്കൽ	രൂ.5130417(വികസനഫണ്ട്-എസ്.സി.പി)

ചെലവ്	രൂ.5130417/-
ബിൽ നം	വിവിധ ബില്ലുകൾ
നിർവ്വഹണ ഉദ്യോഗസ്ഥ(ൻ)	പട്ടിക ജാതി വികസന ഓഫീസർ

മേൽ പ്രോജക്റ്റ് പ്രകാരം പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി 2022-23 ൽ ഗഡുതുകകൾ അനുവദിച്ച (മുൻ വർഷങ്ങളിൽ നിർമ്മാണം ആരംഭിച്ച് തുക അനുവദിച്ച) ചുവടെ പരാമർശിച്ചിരിക്കുന്ന ഗുണഭോക്താക്കൾ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിക്കാണുന്നില്ല.

ക്രമ നം.	അപേക്ഷകരുടെ പേര്/ ആധാർ നം.	വിദ്യാർത്ഥിയുടെ പേര്	ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്ത്	2022-23 ൽ അനുവദിച്ച തുകയും ഗഡു നംപരും	നിർമ്മാണം ആരംഭിച്ച വർഷം	റിമാർക്ക്സ്
1	ഓമന/67401 5606260	അഭിഷേക് സജീവ്	ആനാട്	ഇല്ല	20-21	150000/- അനുവദിച്ചിട്ടുണ്ട്
2	അനിൽ പ്രസാദ്/708461322550	ആദികേശ്	വെമ്പായം	ഇല്ല	21-22	150000/- അനുവദിച്ചിട്ടുണ്ട്
3	വിജയൻ കെ / 966191814453	സൂര്യ	കരകുളം	ഇല്ല	21-22	150000/- അനുവദിച്ചിട്ടുണ്ട്
4	പ്രഭാകരൻ ജി/ 443600003077	കാർത്തിക ഒ	ആനാട്	100000/- (Second)	21-22	ആകെ 150000/- അനുവദിച്ചിട്ടുണ്ട്
5	പ്രഭ എൽ/271765561250	ഐശ്വര്യ	അരുവിക്കര	ഇല്ല	21-22	150000/- അനുവദിച്ചിട്ടുണ്ട്
6	വിമല കുമാരി/ 497924168396	വിമൽ രാജി	പനവൂർ	100000/- (Second)	21-22	ആകെ 150000/- അനുവദിച്ചിട്ടുണ്ട്

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക്(നം. 02/2022-23 തീയതി 19.06.2023) മറുപടിയായി ക്രമ നം.1,4 എന്നിവ പ്രകാരം പരാമർശിച്ച ഗുണഭോക്താക്കൾക്ക് നിരവധി തവണ അറിയിപ്പുകൾ നൽകിയിട്ടുണ്ടെന്നും എന്നാൽ അവർ നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കിയിട്ടില്ലെന്നും ബാക്കിയുള്ളവർ ഉടനെ നിർമ്മാണം പൂർത്തിയാക്കുന്നതാണെന്നുമാണ് അറിയിച്ചിരിക്കുന്നത്.യഥാസമയം നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കാത്തവരുടെ പേർക്ക് ,ഗുണഭോക്താക്കളും ബ്ലോക്ക് പഞ്ചായത്തുമായി ഉണ്ടാക്കിയ കരാർ പ്രകാരമുള്ള, നിയമ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-27 മൊബൈൽ ചാണക സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ-പദ്ധതി പൂർത്തീകരിച്ചില്ല.

ബ്ലോക്ക് പഞ്ചായത്ത് തൻവർഷം ഏറ്റെടുത്ത് നടപ്പിലാക്കിയതാണ് ഈ പദ്ധതി. പദ്ധതിയെ സംബന്ധിക്കുന്ന വിവരം ചുവടെ വിവരിക്കുന്നു.

പദ്ധതിയുടെ പേര്	മൊബൈൽ ചാണക സംസ്കരണ യൂണിറ്റ്.
പദ്ധതി നം	65/2023
അടങ്കൽ	വികസന ഫണ്ട് - 2000000/- മറ്റുള്ളവ - 1200000/-

	ആകെ - 3200000/-
ചെലവ്	വികസന ഫണ്ട് - 1255000 /- മറ്റുള്ളവ - ഇല്ല. ആകെ - 1255000/-
ബിൽ നം-	291-27/03/2023- 530000/-
ബിൽ നം-	290-27/03/2023- 725000/-
നിർവഹണം	ക്ഷീര വികസന ഓഫീസർ.

ചാണകം ഉറവിടത്തിൽ ശേഖരിച്ച് സംസ്കരിച്ച് സംപുഷ്ടീകരിച്ച് പായ്കറ്റുകളിലാക്കി നഗര ഗ്രാമീണ മേഖലകളിലെ വില്പനകളിലൂടെ തൊഴിൽ സൃഷ്ടിക്കാനും വരുമാനം വർദ്ധിപ്പിക്കാനുമാണ് ലക്ഷ്യം. ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ജൈവ ഗ്രാമമാണ് ടി പ്രോജക്ടിന്റെ ഗുണഭോക്താവ്. ഈ പദ്ധതിയ്ക്കായി ടെണ്ടർ നടപടിയിലൂടെ നന്മ ഡയറി ഫാം എന്ന സ്ഥാപനത്തിൽ നിന്നും Power Source Distribution & Operating System, De Watering Machine എന്നിവ 1255000/-രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയതായി കാണുന്നില്ല. മെഷീനുകൾ സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും അവ നിലവിൽ പദ്ധതി പ്രദേശത്ത് സ്ഥാപിക്കുകയോ തുടർ പ്രവർത്തനങ്ങൾ നടന്നുവരികയോ ചെയ്യുന്നില്ല. പദ്ധതിയുടെ കൂടുതൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി (ഓഡിറ്റ് അന്വേഷണം -35/ 2023) നൽകിയിരുന്നു.

പദ്ധതിയുടെ ആവശ്യത്തിലേക്കായി വാങ്ങിയ പവർ ഡിസ്ട്രിബ്യൂഷൻ & ഓപ്പറേറ്റിംഗ് സിസ്റ്റം, കൗഡംഗ് ഡീവാട്ടറിംഗ് മെഷീൻ എന്നിവ ബ്ലോക്കിന് കൈമാറുകയും സ്റ്റോക്കിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും കൂടാതെ ഈ യന്ത്രഭാഗങ്ങൾ വാഹനത്തിൽ ഘടിപ്പിക്കുന്നതിനും പാനൽ വർക്കുകൾക്കുമായി കരാർ കമ്പനിക്ക് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. കൂടാതെ തുടർ പ്രവർത്തനത്തിനു വേണ്ടി 2023-24 വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായി ഈ പദ്ധതി തുടരുന്നതായും മറുപടി ലഭ്യമാക്കി. പദ്ധതി പൂർത്തീകരിച്ച് പൂർണ്ണ ലക്ഷ്യം കൈവരിക്കേണ്ടതാണ്.ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

1-28 വനിതാ സൗഹൃദ ബ്ലോക്ക് ,സ്ത്രീ പദവി പഠനം - തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്

പ്രോജക്ട് നം.	91/2022-23
പേര്	വനിതാ സൗഹൃദ ബ്ലോക്ക്-സ്ത്രീ പദവി പഠനം
അടങ്കൽ	രൂ.150000/-(വികസനഫണ്ട്-പൊ.വി)
ചെലവ്	രൂ.150000/-
ബിൽ നം	3/2022-23 Dtd 19.12.2022 രൂ.11125/- 11/2022-23 Dtd 15.03.2023 രൂ.138875/-
നിർവ്വഹണ ഉദ്യോഗസ്ഥ(ൻ)	ശിശു വികസന പ്രോജക് ഓഫീസർ (നെടുമങ്ങാട്)

നെടുമങ്ങാട് ബ്ലോക്ക് പ്രദേശത്തെ സ്ത്രീകളുടെ സമഗ്രരോഗ്യ സ്ഥിതി പഠനം,വനിതാ സംരംഭകത്വ സ്ഥിതി എന്നീ വിഷയങ്ങളിലുള്ള വിവര ശേഖരണം നടത്തിയതിനുശേഷം മേൽ വിഷയത്തിലുള്ള പഠനം നടത്തുന്നതിനായാണ് മേൽ പ്രോജക്റ്റ് വിഭാവനം ചെയ്തിരുന്നത്. പ്രോജക്റ്റിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനായി Center For Advanced Reserch Information And Guidance(CARING)എന്ന NGO-യെ കൺസൾട്ടൻസി സ്ഥാപനമായി രൂ.100000/- പ്രതിഫലത്തിന് കമ്മിറ്റി തീരുമാനപ്രകാരം നിയോഗിച്ചിട്ടുണ്ട്.

മേൽ പദ്ധതിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് പഠന റിപ്പോർട്ട്,അന്തിമ പഠന റിപ്പാർട്ട് , റിപ്പോർട്ടിൻ മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങൾ , കൺസൾട്ടൻസി സ്ഥാപനത്തിന്റെ അക്രഡിഷൻ വിവരങ്ങൾ എന്നിവയും ഓഡിറ്റ് എൻകയറി (നം. 03/2022-23 തീയതി 20.06.2023) മുഖാന്തിരം ആവശ്യപ്പെട്ടിരുന്നതിന് പഠന റിപ്പോർട്ട് പ്രിന്റിംഗ് സ്റ്റേജിലാണെന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. റിപ്പോർട്ടിൻ മേൽ തുടർ ചർച്ചകൾ നടത്തി ക്ലേശ ഘടകങ്ങൾ കണ്ടെത്തി ആയത് പരിഹരിക്കുന്നതിനുവേണ്ട പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയാൽ മാത്രമേ പദ്ധതിപ്പണം ചെലവിട്ട് നടത്തിയ പഠനപ്രവർത്തനങ്ങൾ കൊണ്ട് പ്രയോജനം ലഭിക്കുകയുള്ളു.ആയതിനാൽ പഠന റിപ്പാർട്ടിന്റെ പ്രസിദ്ധീകരണ വിവരങ്ങളും തുടർ പ്രവർത്തന

റിപ്പോർട്ടും അറിയിക്കുന്നതോടൊപ്പം കൺസൾട്ടൻസി സ്ഥാപനത്തിന്റെ അക്രഡിഷൻ വിവരങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-29 ജൈവഗ്രാമം ലാഭവിഹിതം - രേഖകൾ ലഭ്യമാക്കിയില്ല

സമൃദ്ധി ജൈവകൃഷി പരിശീലന സേവനകേന്ദ്രത്തിന്റെ (ജൈവഗ്രാമം) ബൈലോ(നം. TVM/TC/1257/2016) ഖണ്ഡിക 10-4 പ്രകാരം പരിശീലന കേന്ദ്രത്തിന്റെ അക്കൗണ്ടിൽ ദൈനം ദിനചെലവുകൾക്കുള്ള രണ്ട് ലക്ഷം രൂപ മാറ്റി വയ്ക്കാനും രണ്ട് ലക്ഷത്തിന് മുകളിൽ വരുന്ന തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.2022-23 വർഷം അപ്രകാരം ബ്ലോക്ക് പഞ്ചായത്തിലേക്ക് തുക കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ജൈവ ഗ്രാമത്തിന്റെ ബാങ്ക് പാസ് ബുക്ക് / വരവു-ചെലവു രജിസ്റ്റർ സഹിതം ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നം. 41/2022-23 തീയതി 26.06.2023 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-30 കേര സമൃദ്ധി തെങ്ങിൽ തൈ നഴ്സറി തുടർ പ്രവർത്തനങ്ങൾ - വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ രൂ.300000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	29/2022-23
പേര്	കേര സമൃദ്ധി തെങ്ങിൽ തൈ നഴ്സറി തുടർ പ്രവർത്തനങ്ങൾ
അടങ്കൽ	രൂ.300000/-(വികസനഫണ്ട്-പൊ.വി)
ചെലവ്	രൂ.300000/-
ബിൽ നം	1.എ.സി.ആർ 81/29-11-22 രൂ.85995/- 2.എ.സി.ആർ 180/15-02-23 രൂ.155590/- 3.എ.സി.ആർ 266/20-03-23 രൂ.47600/- 4.എ.സി.ആർ 291/28-03-23 രൂ.10815/-
നിർവ്വഹണ ഉദ്യോഗസ്ഥ(ൻ)	**കൃഷി അസി.ഡയറക്ടർ**

നെടുമങ്ങാട് ബ്ലോക്ക് പ്രദേശത്തെ കർഷകർക്ക് ഗുണമേൻമയേറിയ തെങ്ങിൻ തൈകൾ വർഷം മുഴുവൻ ലഭ്യമാക്കുന്നതിനായാണ് മേൽ പ്രോജക്റ്റ് രൂപീകരിച്ച് നടപ്പിലാക്കിയിരിക്കുന്നത്.ഇതിലേക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ജൈവഗ്രാമത്തിൽ നട്ട് പരിപാലിച്ചുവരുന്ന 7500 തൈകൾക്ക് ഒന്നിന് 40 രൂപ ക്രമത്തിൽ 300000 രൂപ തൻ വർഷം ചെലവഴിച്ചിട്ടുണ്ട്.മേൽ പ്രോജക്റ്റിന്റെ പരിശോധനയുമായി ബന്ധപ്പെട്ട്, ജൈവഗ്രാമത്തിൽ പരിപാലിച്ചു വന്നിരുന്ന മുഴുവൻ തൈകളും (7500 എണ്ണം) നിലവിൽ വിതരണത്തിന് സജ്ജമാണോയെന്നും തെങ്ങിൻ തൈകളുടെ പരിപാലനം തൃപ്തികരമാണോയെന്നും ആയതിന് ശാസ്ത്രീയമായ രീതികൾ അവലംബിച്ചിരുന്നോയെന്നും നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) ക്രമമായ ഇടവേളകളിൽ പരിശോധിച്ച് ഉറപ്പുവരുത്തിയിരുന്നുവോയെന്നും കൂടാതെ തെങ്ങിൻ തൈകൾക്ക് നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് വിവരം, തെങ്ങിൻ തൈകൾക്കായി മുൻകൂർ പണമടച്ച് ബുക്കു ചെയ്തവരുടെ വിവരങ്ങൾ എന്നിവ ഓഡിറ്റ് എൻകയറി (നം. 33/2022-23 തീയതി26.06.2023) മുഖാന്തിരം ആരാഞ്ഞിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.പദ്ധതി നടത്തിപ്പിലെ കാര്യക്ഷമത ഉറപ്പാക്കുന്നതിനും പദ്ധതിയുമായി ബന്ധപ്പെട്ട ചെലവിനങ്ങളിലെ വ്യക്തതക്കായും ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പദ്ധതിയുടെ തൻ വർഷ ചെലവായ രൂ,300000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 പൊതുസ്ഥാപനങ്ങളിൽ ഫലവൃക്ഷതൈകളും ഔഷധതൈകളും ഔഷധതൈകളും വച്ച് പിടിപ്പിക്കൽ - തൈകൾ ലഭ്യമാക്കിയിട്ടില്ല, രൂ.200000/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	38/2022-23
പേര്	പൊതുസ്ഥാപനങ്ങളിൽ ഫലവൃക്ഷതൈകളും ഔഷധതൈകളും വച്ച് പിടിപ്പിക്കൽ
അടങ്കൽ	രൂ.200000/-(വികസനഫണ്ട്-പൊ.വി)
ചെലവ്	രൂ.200000/-
ബിൽ നം	BP03/2022-23 Dtd 23.03.2023 രൂ. 200000/-
നിർവ്വഹണ	കൃഷി അസി.ഡയറക്ടർ

ഉദ്യോഗസ്ഥ(ൻ)	

നെടുമങ്ങാട് ബ്ലോക്ക് പ്രദേശത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പൊതു ഇടങ്ങളിലും സർക്കാർ ഓഫീസുകളിലും അത്യുൽപാദന ശേഷിയുള്ള വേഗത്തിൽ കായ്ഫലം ലഭിക്കുന്ന ഫലവൃക്ഷ തൈകൾ വച്ചുപിടിപ്പിക്കുന്നതിനും MNREGSമായി സംയോജിപ്പിച്ചുകൊണ്ട് അവയുടെ പരിപാലനം ഉറപ്പുവരുത്തുന്നതിനുമായാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്.നെടുമങ്ങാട് ബ്ലോക്ക് പ്രദേശത്തെ അംഗൻവാടികൾ,സ്കൂളുകൾ,ആശുപത്രികൾ തുടങ്ങിയ 100 പൊതുസ്ഥാപനങ്ങളിൽ തൈകൾ വച്ചുപിടിപ്പിക്കുന്നതുവഴി പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

മേൽ പ്രോജക്റ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരു യൂണിറ്റിൽ ഉൾപ്പെടുന്ന Nelli Graft1 (രു.50), Jack Graft 1(രൂ.75),Mango Graft 3(രൂ.225),Rambuttan Graft3(രൂ.600),Guava Layer3(രൂ.150),Dragon Fruit4(രൂ.200),Pappaya 5(രൂ.200),Organic Manure 25kg(രൂ.500) എന്നിവക്ക് 2000 രൂപ നിരക്കിൽ 100 യൂണിറ്റിന് 200000 രൂപ, ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന, ജൈവഗ്രാമത്തിന് കൈമാറിയിട്ടുണ്ട്. തൈകൾ ലഭിക്കുന്നതിനായി പൊതു-സ്ഥാപനങ്ങളുടെ ചുമതലപ്പെട്ടവരുടെ അപേക്ഷകൾ ഫയലിൽ ലഭ്യമാണെങ്കിലും തൈകളുടെ കൈപ്പറ്റ് വിവരം ഫയലിൽ ചേർത്തിട്ടില്ല. കൂടാതെ, മേത്തോട്, ഊരാളിക്കോണം, കരുമാരക്കോട് അംഗൻവാടികളിൽ നേരിട്ട് പരിശോധിച്ചതിൽ നിന്നും തൈകൾ അവിടെ ലഭ്യമായിട്ടില്ലെന്ന് കാണുന്നു. കൃഷി അസി.ഡയറക്ടറുടെ 09/03/2023 ലെ എഡിഎ/എൻഡിഡി/10/2022 ലെ ജൈവഗ്രാമം ചെയർമാനുള്ള കത്തിൽ തൈകളുടെ വിതരണത്തിനുള്ള കൈപ്പറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് തുക അനുവദിക്കേണ്ടത്. എന്നാൽ , സ്ഥാപനങ്ങളിൽ (മുഴുവൻ സ്ഥാപനങ്ങളിലും) തൈകൾ ലഭ്യമാകുന്നതിനു മുൻപേ തന്നെ ജൈവ ഗ്രാമത്തിന് തുക നൽകിയിരിക്കുന്നതായി കാണുന്നു. അംഗൻവാടികളിൽ തൈകൾ ലഭ്യമായിട്ടില്ലെന്ന് കണ്ടതിനെത്തുടർന്ന്, തൈകളുടെ വിതരണം-കൈപ്പറ്റ് വിവരത്തിന് ജൈവഗ്രാമം ഹാജരാക്കിയ തസീതുകൾ,ഇതിനായി ജൈവഗ്രാമം ബ്ലോക്ക് പഞ്ചായത്തുമായി ഏർപ്പെട്ട കരാറിന്റെ പകർപ്പ് എന്നിവ ഓഡിറ്റ് എൻകയറി നം. 38/2022-23 തീയതി 26.06.2023 മുഖാന്തിരം ആവശ്യപ്പെടുകയും സ്ഥല പരിശോധനയിൽ ഫലവൃക്ഷ തൈകൾ കൈമാറിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ട കാര്യവും അറിയിക്കുകയും ചെയ്തെങ്കിലും ആയതിൻ മേൽ അഭിപ്രായമോ ആവശ്യമായ വിശദീകരണമോ രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പദ്ധതി പ്രകാരം വിതരണം ചെയ്യേണ്ട ഫലവൃക്ഷ തൈകളുടെ വിതരണം പൂർത്തിയാക്കാതെ തന്നെ ജൈവ ഗ്രാമത്തിന് തുക അനുവദിച്ചിരിക്കുന്നതിനാൽ പദ്ധതിക്കായി ചെലവഴിച്ച തുകയായ രൂ.200000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-32 സമഗ്ര ശുചിത്വം - വാഹനങ്ങൾ ലഭ്യമായിട്ടില്ല-507900 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം	108/23
പ്രോജക്റ്റിന്റെ പേര്	സമഗ്ര ശുചിത്വം- ഗ്രാമ പഞ്ചായത്തുകൾക്ക് ഇലക്ട്രിക്ക് വാഹനങ്ങൾ വാങ്ങി നൽകൽ
അടങ്കൽ	505262- സി എഫ് സി 4738-Own Fund
ചെലവ്	507900
ഫണ്ടിനം	സി എഫ് സി -ടൈഡ്
ബിൽ നമ്പർ	125/10-1-23 തുക – 505262
എ.സി.ആർ ബിൽ നം.	126/23 10-01-2023 (2638 രൂപ)

ഗ്രാമ പഞ്ചായത്തുകളിലെ ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യം എം സി എഫി ലേക്ക് കൊണ്ടു പോകുന്നതിനായി ഗ്രാമ പഞ്ചായത്തുകൾക്ക് കവചിത വാഹനം സർക്കാർ സംരഭമായ കേരള ഓട്ടോ മൊബൈൽസിൽ നിന്നും വാങ്ങി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. കെ എ എൽ ലഭ്യമാക്കിയ പ്രോഫോർമ്മ ഇൻവോയ്സ് നം REC/MKTG/25/2022- 23 തിയ്യതി- 30-12-2022 ന്റെ അടിസ്ഥാനത്തിൽ 507900 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

എ. വാഹനം ലഭിച്ചതിന്റെ ടാക്സ് ഇൻവോയ്സ് ഫയലിൽ ലഭ്യമല്ല.

ബി. ഏതെല്ലാം പഞ്ചായത്തുകൾക്കു വേണ്ടിയാണ് വാഹനം വാങ്ങുന്നതെന്ന വിവരം ലഭ്യമല്ല.
സി. ലഭിച്ച വാഹനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും, വിതരണത്തിന്റെയും വിവരം
ഡി. ബന്ധപ്പെട്ട പർച്ചെയ്സിംഗ് കമ്മറ്റി തീരുമാനം എന്നിവ ലഭ്യമല്ല . ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻകൃയറി നം – 34/ 26-6-23 ന് മറുപടി ലഭ്യമാക്കിയില്ല. മേൽപ്രകാരമുള്ള അപാകങ്ങൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. ആയതു വരെക്കും ചെലവു തുക 507900 രൂപ തടസ്സത്തിൽ വക്കുന്നു.

1-33 കരകുളം കലാഗ്രാമം - കോസ്റ്റ് ഫോർഡിനു കൈമാറിയ തുകയുടെ ചെലവു രേഖകൾ/ വർക്ക് ബിൽ , എം ബുക്ക് എന്നിവ ലഭ്യമല്ല- 200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം	122/23
പ്രോജക്ടിന്റെ പേര്	കരകുളം കലാ ഗ്രാമ പുനരുദ്ധാരണം
അടങ്കൽ	200000
ചെലവ്	200000
ഫണ്ടിനം	വികസന ഫണ്ട് - ജനറൽ
ബിൽ നമ്പർ	294/28-3-23

2022-23 ൽ 200000 രൂപയും 2023-24 ൽ 800000 രൂപയും ചെലവഴിച്ച് കരകുളം കലാ ഗ്രാമ പുനരുദ്ധാരണം വിഭാവനം ചെയ്യുന്ന പദ്ധതിയാണിത്. അക്രഡിറ്റഡ് ഏജൻസിയായ കോസ്റ്റ് ഫോർഡിന് മേൽ ബിൽ പ്രകാരം അടങ്കൽ തുകയുടെ 20% തുകയായ 200000രൂപ മൊബിലൈസേഷൻ അഡ്വാൻസായി നൽകിയിട്ടുണ്ട്. ചെയ്ത പ്രവർത്തിയുടെ വർക്ക് ബിൽ , എം ബുക്ക് എന്നിവ ഫയലിലില്ല. രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി നം 34/26-6-23 ന് മറുപടിയിൽ മേൽ പ്രവർത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പ്രകാരമുള്ള രേഖകൾ ലഭ്യമാക്കും വരെക്കും 200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-34 സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതികൾ-വിനിയോഗ വിവരം ലഭ്യമല്ല

ക്രമ നം	പദ്ധതി നം/	പദ്ധതി യുടെ പേര്	ബിൽ നം/ തുക	നൽകിയ സ്ഥാപനം	ലഭ്യമാക്കേണ്ട രേഖ
1	27/21	ഐ കെ എം സേവനത്തിന് വിഹിതം നൽകൽ	226/ 11-3-21 തുക 6030 26/1-9-22-49834	ഇൻഫർമേഷൻ കേരള മിഷൻ	വിനിയോഗ സാക്ഷ്യ പത്രം
2	57/23	ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റിന് മന്ദിര നിർമ്മാണം-വിഹിതം നൽകൽ	32/9-2-23 , 500000	ചെയർ പേഴ്സൺ &മെമ്പർ സെക്രട്ടറി , ജില്ലാ ആസൂത്രണ സമിതി	വിനിയോഗ സാക്ഷ്യ പത്രം
3	44/23	2020-21, 2021-22 വർഷങ്ങളിലെ സോഷ്യൽ ഓഡിറ്റിനായി തുക കൈമാറൽ	48/ 23-2-21. 100000	കരകുളം ദേശീയ പഠന കേന്ദ്രം	സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

വിനിയോഗ സാക്ഷ്യപത്രങ്ങളും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-35 ലൈഫ് ഭവന പദ്ധതി - വിനിയോഗ വിവരം പൂർണ്ണമായും ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം	54/23
പ്രോജക്റ്റിന്റെ പേര്	ലൈഫ് ലൈഫ് പദ്ധതി വിഹിതം നൽകലും ഭൂമി വാങ്ങലും - പട്ടിക ജാതി വിഭാഗം
അടങ്കൽ	3017127
ചെലവ്	3017127
ഫണ്ടിനം	വികസന ഫണ്ട് - S CP
ബിൽ നമ്പർ	74/24-11-22-878000 85/5-12-22-160000 86/5-12-22- 300000 87/5-12-22-640000 88/6-12-22-490000 89/6-12-22-19000 293/28-3-23-530127

ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള 5 ഗ്രാമ പഞ്ചായത്തുകൾക്ക് ലൈഫ് ഭവന പദ്ധതിക്കായി വിഹിതം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. പനവൂർ ഗ്രാമ പഞ്ചായത്തിന്റെ 1178000 രൂപയുടെ റിക്വിസിഷൻ മാത്രമാണ് ഫയലിലിലുള്ളത്. ബാക്കി പഞ്ചായത്തുകളുടെ റിക്വിസിഷനോ , തുക കൈമാറ്റം ചെയ്യുന്നതിന്റെ ഉത്തരവു നടപടിയോ, ഗ്രാമ പഞ്ചായത്തുകളുടെ പ്രോജക്റ്റ് രൂപീകരണ ഫോറമോ ഫയലിലിൽ ലഭ്യമല്ല.
2. . വെമ്പായം ഗ്രാമ പഞ്ചായത്തിന് ക്രമ നം 2 ബിൽ പ്രകാരം 160000 രൂപ നൽകിയിട്ടുണ്ട്. ബാക്കി പഞ്ചായത്തുകളുടെ റിക്വിസിഷനോ , തുക കൈമാറ്റം ചെയ്യുന്നതിന്റെ ഉത്തരവു നടപടിയോ ഫയലിലിൽ ലഭ്യമല്ല. അരുവിക്കര പഞ്ചായത്തിന്റെ 1170127 രൂപയുടെ വിനിയോഗ സാക്ഷ്യ പത്രവും ആനാട് ഗ്രാമ പഞ്ചായത്തിന്റെ 800000 രൂപ കൈപ്പറ്റിയതിലെ 509000 രൂപ വിനിയോഗിച്ചതിന്റെയും സാക്ഷ്യ പത്രവും ഫയലിലിൽ ലഭ്യമാണ്. അതായത് ആകെ 1970127 രൂപ ലഭിച്ചു എന്നാണ് മേൽ പറഞ്ഞ 2 ഗ്രാമ പഞ്ചായത്തുകളും അറിയിച്ചിരിക്കുന്നത്. പദ്ധതി പ്രകാരം യു സി ലഭിക്കാത്തതായ 1047000 രൂപ ഏതെല്ലാം പഞ്ചായത്തുകൾക്ക് അനുവദിച്ച തുകയാണെന്നും പ്രസ്തുത തുകയുടെ വിനിയോഗ വിവരവും ലഭ്യമാക്കേണ്ടതാണ്.

1-36 പി എം എ വൈ ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു.

പി.എം.എ.വൈ പദ്ധതിക്കു കീഴിൽ ഭവന നിർമ്മാണത്തിനായി വിവിധ വർഷങ്ങളിലായി തുക കൈപ്പറ്റിയ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പഞ്ചായത്തിന്റെ പേര്	ഗുണഭോക്താവിന്റെ പേര്	പി.എം.എ.വൈ ഡി	തുക അനുവദിച്ച തിയ്യതി	കൈപ്പറ്റിയ തുക
വെമ്പായം	ജോസ് പ്രകാശ്	KL1130954	22-5-17	48000
അരുവിക്കര	ശശികല ദേവി	KL1130954	10-3-17	48000

ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കാലതാമസം വന്നത് എന്തു കാരണത്താലാണെന്ന് വ്യക്തമാക്കേണ്ടതും , അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനായി എന്തു നടപടി സ്വീകരിച്ചു എന്നതിന്റെയും വിവരം ലഭ്യമാക്കന്നതിനായി നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടിയായി ആർആർ നടപടി സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

	മുന്നിരിപ്പ്	വരവ്	ആകെ	സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ്	നീക്കിയിരിപ്പ്	22-23 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്
ഗ്രാമ പഞ്ചായത്ത് വിഹിതം	232916	0	232916	0	232916	232916
ഗ്രാമ പഞ്ചായത്ത് വിഹിതം	**961558	340000	1301558	0	1301558	810728**
ജില്ലാപഞ്ചായത്ത് വിഹിതം	500000	Nil	500000	Nil	500000	500000
ജില്ലാപഞ്ചായത്ത് വിഹിതം	7986243	350000	8336243	350000	7986243	3857238
മുനിസിപൽ കോർപ്പറേഷൻ വിഹിതം	***5000000	0	5000000	0	***5000000	5000000
ആകെ	14680717	690000	15370717	350000	15020717	10400882

2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം B4- പ്രകാരമുള്ള മുൻബാക്കിയിൽ വ്യത്യാസം ഉള്ളതാണ്.

**8486243-2021-22 വർഷത്തെ B4 പ്രകാരമുള്ള മുൻബാക്കിയിൽ വ്യത്യാസം ഉള്ളതാണ്.

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ യഥാർത്ഥ നീക്കിയിരിപ്പ് ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

2022-23 വർഷത്തെ വാർഷിക ധനകാര്യ പ്രതികയിൽ 320700205 പ്രാരമുള്ള ശീർഷകത്തിൽ Contribution For Joint Venture Projects For District Panchayath ആയി ഉൾപ്പെട്ടിട്ടുള്ള 350000 ലക്ഷം രൂപ 2021-22 സാമ്പത്തിക വർഷം ലഭിച്ചതാണെന്നും ആയത് 2021-22 വർഷം AFS തയ്യാറാക്കുന്ന സമയം തൊട്ടടുത്ത വർഷം (2022-23) സ്വമേധയാ വന്നു പോയതും 2021-22 വർഷത്തിൽ ചെലവു വന്നിട്ടുള്ളതുമാണ്. 2022-23 വർഷത്തിൽ അപ്രകാരം ഒരു വരവും ചെലവും വന്നിട്ടില്ലാത്തതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്.

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ചെലവായ തുക	ബാലൻസ് തുക
KWA	കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-	3746300	--	
ആകെ		3746300	--	3746300

വാർഷിക ധനകാര്യപത്രിക പ്രകാരം വാട്ടർ അതോറിറ്റിയ്ക്ക് നിക്ഷേപപമായി നൽകിയതിൽ വിനിയോഗിക്കാതെ ശേഷിക്കുന്ന തുക (B18) ഷെഡ്യൂളിൽ 8405029/- രൂപ ആണ്. പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം.12,24 എന്നിവക്ക്)മറുപടി ലഭ്യമാക്കിയിട്ടില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ്.

പ്രോജക്റ്റ് നം 122/23 പ്രകാരം കോസ്റ്റ് ഫോർഡിന് 200000രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടുണ്ട്.

4-4 വായ്പ- വായ്പ തിരിച്ചടവ്

ഇല്ല

4-5 സ്ഥിര നിക്ഷേപങ്ങൾ

ക്രമ നം	സർട്ടിഫിക്കറ്റ് നമ്പർ/തീയതി	നിക്ഷേപ തുക	മെച്ച്യൂരിറ്റി തീയ്തി	പലിശ നിരക്ക്	നിക്ഷേപിച്ചിരിക്കുന്ന സ്ഥാപനം
1	0011623/29.04.20	2500000	29.04.2025	7.25%	ആനാട് ഫാർമേഴ്സ് സഹകരണ ബാങ്ക
2	0020108/22.06.20	2653905	22.06.23	6.75%	“
3	0020203/12.08.20	2500000	12.08.23	6.75%	“
4	0020210/20.08.20	6,50,000	21.08.23	6.75%	“
5	0028178/04.10.21	2645000	04.10.23	6.75%	“
6	0030823/09.11.22	2550000	9/11/23	7.75%	“
7	0030821/09.11.22	500000	9/11/23	7.75%	“
8	0030850/22.11.22	4500000	22/11/23	7.75%	

4-6 ഓഡിറ്റ് റിക്കവറി

ക്രമ നം	റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപേരും	രസീത്. നം
1	2018-19	1.18 , 3.1	9690	വിജയകുമാർ .ആർ	92/9-11-22
2	2018-19	1.18 , 3.1	2971	സുരേഷ് എസ്	93/9-11-22
3	2017-18	3.4	7279	വിജയൻ	96/9-11-22

വാർഷിക ധനകാര്യ പത്രിക RP 10 പ്രകാരം ടി ഇനത്തിലെ വരവ് 2428220 രൂപയാണ്.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-8 ചാർജ്ജ് സർ ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	98086677

ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	92483364
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	4956473

(ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-18	3746300	സുരേഷ് കുമാർ.കെ.എസ് സെക്രട്ടറി.
1-25	2273	ശ്രീമതി രശ്മി ആർ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ
1-30	85995	ഡോ.ജോമി.ജേക്കബ്, അസിസ്റ്റന്റ് ഡയറക്ടർ കൃഷി
1-30	214005	ഡോ. സൗമ്യ.പി.കെ അസിസ്റ്റന്റ് ഡയറക്ടർ കൃഷി
1-31	200000	ഡോ. സൌമ്യ.പി.കെ അസിസ്റ്റന്റ് ഡയറക്ടർ കൃഷി
1-32	507900	സുരേഷ് കുമാർ.കെ.എസ് സെക്രട്ടറി.
1-33	200000	സുരേഷ് കുമാർ.കെ.എസ് സെക്രട്ടറി.
ആകെ	4956473	

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം.
ഡോ.ജോമി ജേക്കബ്, അസിസ്റ്റന്റ് ഡയറക്ടർ കൃഷി	അസിസ്റ്റന്റ് ഡയറക്ടർ കൃഷി,ആനയറ	ജൂപ്പിറ്റർ കുമാരപുരം മെഡിക്കൽകോളേജ്. പി ഒ
ശ്രീമതി. സൌമ്യ.പി.കെ അസിസ്റ്റന്റ് ഡയറക്ടർ കൃഷി	കൃഷിഓഫീസർ ,പനവൂർ	സൌപർണ്ണിക കുര്യാത്തി പനക്കോട് പി. ഒ , നെടുമങ്ങാട്
സുരേഷ് കുമാർ.കെ.എസ്- സെക്രട്ടറി.	സെക്രട്ടറി നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്	തിരുവാതിര-ആർ.എൽ.ആർ.എ.215 ആയുർക്കോണം

		പേരൂർക്കട
ശ്രീമതി രശ്മി ആർ	എൽ.എസ്.ജി.ഡി സബ് ഡിവിഷൻ നെടുമങ്ങാട്	കുമാര സദനം പെരിങ്ങമ്മല കല്ലിയൂർ

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം	ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2005-06	കെ.എസ്.എ.റ്റി.വി.എം./ബി.പി.1/2047/2022 തീയതി 19.11.2022	2
2006-07		7
2007-08		6
2008-09		3
2009-10		1
2010-11		4
2012-13		1
2013-14		4
2016-17		4
2017-18		1
2018-19	കെ.എസ്.എ.റ്റി.വി.എം./ബി.പി.1/1802/2019 തീയതി 03.10.19	24
2019-20	കെ.എസ്.എ.റ്റി.വി.എം./ബി.പി.1/267/2022 തീയതി 22.03.2022	17
2020-21	കെ.എസ്.എ.റ്റി.വി.എം./ബി.പി.1/629/2022 തീയതി 01.06.2022	28
2021-22	കെ.എസ്.എ.റ്റി.വി.എം./ ബി.പി.1/2259/2022തീയതി 23.03.2023	25

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 5/1 dated 5/1 dated 29-05-2023 and submitted on 29-05-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Nedumangadu Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Nedumangadu Block Panchayat for the year 2022-2023

Date: 16/10/2023 **Joint Director**

Kerala State Audit Department

Audit Report appended to the Audit Certificate of Nedumangadu Block Panchayat for the Year 2022-2023.

1.Major Observations

Nil

2.Other Observations

1) The following mandatory financial statements prescribed in accounting rules are not submitted to audit.

-financial ratios

-notes to accounts(Para 1-1-1)

2. The value of stock for the current year has not been done(Para 1-1-2)

3.Bank reconciliation statement and bank book are not produced for perusal(Para 1-1-3)

4.Demand entry not provided for arrear revenues.(Para 1-1-4)

5.Lack of clarity in amount remitted with implementing agencies.(Para 1-1-4)

6.Stale cheques not converted to receipt head.(Para 1-1-4)

7.Lack of clarity in amount collected as beneficiary contribution.(Para 1-1-4)

8.MNRGES- amounts in registers not matching with AFS.(Para 1-1-4)

9.Advance register incomplete and is not matching with AFS(Para 1-1-4)

10.Figures in ACR not matching with AFS(Para 1-1-4)

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്